
# ബ്രഹ്മശ്രീ

ദ്വൈമാസിക

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം

2019 മെയ്-ജൂൺ, വാല്യം :16 - ലക്കം : 4




25-05-2019ന് 70-ാം പിറന്നാൾ ആഘോഷിച്ച ചെമ്പുക്കാട്ട് ഇല്ലത്തു പരേതനായ ശ്രീ നാരായണൻ ഇളയതിന്റെ ഭാര്യ ദേവകി അന്തർജ്ജനം. എം.ബി.എസ്.വടക്കാഞ്ചേരി യൂണിറ്റിന്റെ പ്രസിഡന്റായും കേന്ദ്രവൈസ് പ്രസിഡന്റായും സമാജത്തിന് വേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ എം.ബി.എസ്. തൃശ്ശൂർ ജില്ലാ ട്രഷറർ ആയി പ്രവർത്തിച്ചുവരുന്നു.



**വേളി** **സന്ദീപ് വാസുദേവൻ & ഗോപികാ കൃഷ്ണൻ**

തൃപ്പൂണിത്തുറ കോടംകുളങ്ങര ഉദയന്നൂർ ഇല്ലത്ത് വാസുദേവൻ ഇളയതിന്റേയും ശ്രീദേവിയുടേയും മകൻ സന്ദീപ് വാസുദേവനും തിരുവനന്തപുരം പാൽക്കുളങ്ങര അമ്പാടിയിൽ (കരിക്കാട്ടുമഠം) ഗോപാലകൃഷ്ണൻപോറ്റിയുടേയും ബിന്ദുവിന്റേയും മകൾ ഗോപികാ കൃഷ്ണനും തമ്മിലുള്ള വിവാഹം 2019 ഏപ്രിൽ 21-ാം തീയതി തിരുവനന്തപുരം കോട്ടക്കാട്ട് കൺവെൻഷൻ സെന്ററിൽ വച്ചു നടന്നു

2019 മെയ് – ജൂൺ, വാല്യം : 16 – ലക്കം: 4

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**ശ്രീ. പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം – 686 634, ഫോൺ : 8281108575

**ശ്രീ. ടി. വി. നാരായണ ശർമ്മ** (കേന്ദ്ര പ്രസിഡന്റ്)
താമരശ്ശേരി ഇല്ലം, മാലം പി. ഒ., കോട്ടയം – 686 019
ഫോൺ : 9562356959

**ശ്രീ. കെ. വി. ദേവൻ ഇളയത്** (കേന്ദ്ര സെക്രട്ടറി)
കൊണഞ്ചേരി ഇല്ലം, ഏങ്ങണ്ടിയൂർ പി. ഒ.,
തൃശൂർ – 680 615, ഫോൺ : 8589895026, 8129480591

**ശ്രീ. എം. എൻ. കേശവൻ ഇളയത്**
രാജ്ഭവൻ (മേച്ചേരിൽ ഇല്ലം ), തൃപ്പൂണിത്തുറ,
എറണാകുളം – 682 301, ഫോൺ : 9995110078

**ശ്രീ. നീലാംബരൻ ഇളയത്**
തോട്ടത്തിൽ ഇല്ലം (ശ്രീവത്സം), ചെറുതുരുത്തി പി.ഒ.,
തൃശൂർ – 679 531, ഫോൺ : 94468 89931

**ശ്രീമതി. ശാരദാമണി കെ. കെ.**
കൃഷ്ണപ്രഭ, കളവംകോടം പി. ഒ., ചേർത്തല ,
ആലപ്പുഴ – 688 524, ഫോൺ : 94976 34008

**ഡോ. ഹരികൃഷ്ണ ശർമ്മ**
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയ – 686 503, ഫോൺ : 98475 98896

**ശ്രീ. അരുൺ കീച്ചേരിൽ** (സർക്കുലേഷൻ)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ. – 686 575, ഫോൺ : 94468 46461

**ശ്രീ. വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം – 682 306, ഫോൺ : 94475 66168

**Bank Account : Indian Bank, M.G. Road, Ernakulam | A/c. No. : 867897300, IFSC Code : IDIB000M036**
**email : brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

നാട്ടിൽ നടക്കുന്ന സാമൂഹ്യ സാംസ്കാരിക പരിപാടികളിലോ ,ഉത്സവാഘോഷങ്ങളിലോ ,ഏതെങ്കിലും സംഘടനകൾ നടത്തുന്ന സേവന പ്രവർത്തനങ്ങളിലോ ,നമ്മുടെയോ ബന്ധുവീടുകളിലോ നടത്തുന്ന അടിയന്തരങ്ങളിലോ, സംഘാടകരാകാനോ സജീവ പങ്കാളികളായി പ്രവർത്തിക്കാനോ കുട്ടികളെ നമ്മൾ പ്രോത്സാഹിപ്പിയ്ക്കാറുണ്ടോ? ഇത്തരം പരിപാടികളിൽ സന്തോഷപൂർവ്വം സേവനമനസ്ഥിതിയോടെ പങ്കെടുക്കാൻ അനുവദിയ്ക്കാറുണ്ടോ?

അതോ ,കൂട്ടിലടച്ച കിളികളായി മാർക്കും റാങ്കും മാത്രം സ്വപ്നം കണ്ട് സമൂഹത്തിൽ നിന്നും പ്രകൃതിയിൽ നിന്നും അകന്ന്, പാഠപുസ്തകജ്ഞാനികളായി പ്രായോഗിക വിജ്ഞാനം തൊട്ടുതീണ്ടാത്ത സ്വാർത്ഥന്മാരായി വളരാനാണോ അവർക്ക് വിധി!!

സമഷ്ടിയുടെ സാംസ്കാരിക സേവന രംഗങ്ങളിൽ നമ്മുടെ യുവതലമുറയുടെ ഇടപെടലുകൾ ഇല്ലാതാകുന്നു .

തിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഉയർന്ന റാങ്കും മാർക്കും നേടിയ 'പോഴൻ' മാരുടെ എണ്ണം സമൂഹത്തിൽ കൂടി വരുന്നു !

കാഴ്ചക്കാരാകാനല്ല കാര്യക്കാരാകാൻ കൗമാരകാലം മുതൽ അവർക്ക് അവസരം നൽകണം. ആണിനും പെണ്ണിനും.

പഠനത്തിൽ ഉയർന്ന നിലവാരം പുലർത്തേണ്ടത് തീർച്ചയായും ആവശ്യമാണ്. പക്ഷേ ഈ നെട്ടോട്ടത്തിനിടയിൽ കുട്ടികൾ 'വിവര' മില്ലാത്തവരും ഒരു പ്രായോഗികകാര്യത്തിനും കൊള്ളാത്തവരും ആയി മാറുന്നത് നാം തിരിച്ചറിയുന്നില്ല.

അടുത്ത പേജിൽ ...

**ഉപദേശകസമിതി**
**ഡോ പി.വി വിശ്വനാഥൻ നമ്പൂതിരി**
**ഡോ പി.സി. മുരളീമാധവൻ | പ്രൊഫ. ബാലചന്ദ്രശർമ്മ**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam



രാജ്യത്തെ രക്ഷിപ്പതിന്നുമതിയവൻ
രാജ്യമുപേക്ഷിപ്പതിന് ഞാനും മതി

ചോദ്യം ചെയ്യാതെ പാഠപുസ്തകങ്ങളിലെ അറിവും വയറു നിറച്ച് മുൻപിൽ വിളമ്പുന്ന ഭക്ഷണവും വിഴുങ്ങുന്ന, ഓരോ നിമിഷവും നമുക്ക് ചുറ്റും നാനാവർണ്ണമനോഹരിയായി ചിരിച്ചുല്ലസിച്ച് ആഘോഷലഹരിയിൽ തിമിർത്താടുന്ന പ്രകൃതിയെ കാണാത്ത, ഒന്നിലും താത്പര്യമില്ലാത്ത മൊബൈൽ ഫോൺ അടിമകൾ ആണത്രേ ഭൂരിപക്ഷത്തിന്റെയും ദൃഷ്ടിയിൽ 'നല്ല' കുട്ടികൾ

പഠനത്തിനൊഴിച്ച് വേറൊരു പരിപാടിക്കും മക്കളെ അയയ്ക്കാത്ത മാതാപിതാക്കന്മാരുടെ സ്വാർത്ഥ മുഷ്ടിക്കുള്ളിൽ രാഷ്ട്രത്തിനു പ്രയോജനകരമാകേണ്ട നേതൃത്വഗുണങ്ങളും, സേവന മനസ്ഥിതിയും കവിത്വവും, സാഹിത്യവാസനയും , കലാനൈപുണ്യവും ഒക്കെ ഞെരിഞ്ഞമർന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

കുട്ടികൾ നമ്മുടെയാണെങ്കിലും അവർ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സ്വത്താണ്. ജോലിക്കുവേണ്ടിയുള്ള പഠനവും അതുകഴിഞ്ഞു ഒരു ജോലിയും മാത്രം ജീവിതലക്ഷ്യമാക്കുക വഴി നമ്മൾ അവരുടെ സാദ്ധ്യതകളെ പരിമിതപ്പെടുത്തുകയാണെന്നു തിരിച്ചറിയുക.

ഹരി
പത്രാധിപർ

## സ്ത്രീകൾക്കായി പൂജാപഠന ശിബിരം

മലയാള ബ്രാഹ്മണസമാജം കോട്ടയം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആണ്ടൂർ ശാഖയുടെ സഹകരണത്തോടെ സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട പൂജാക്രമങ്ങൾ പഠിപ്പിയ്ക്കുന്നതിനായി രണ്ടുദിവസത്തെ പൂജാ ക്യാമ്പ് സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 9-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6.30 മുതൽ 11-ാം തീയതി വൈകുന്നേരം 4 വരെ ആണ് ക്ലാസുകൾ. ഭക്ഷണ താമസ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ക്യാമ്പ് ഫീസ് 200 രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും നമ്പറിൽ വിളിച്ച് പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

അരുൺ കീച്ചേരിൽ (കോട്ടയം ജില്ലാ സെക്രട്ടറി)
**– 94468 46461,**
മമത ഹരികുമാർ (പ്രസിഡന്റ് ആണ്ടൂർ ശാഖ)
**94462 87575,**
കവിത കണ്ണൻ (സെക്രട്ടറി ആണ്ടൂർ ശാഖ)
**98464 28990, 97471 65714**

കവിത

## മാനസരോദനം

**കെ എൻ നമ്പൂതിരി , നെടുവേലി**
**ചങ്ങനാശേരി ,9497578380.**

അതിമോഹമില്ലാത്ത മനസ്സിൽ
ആനന്ദം ആറാടി നിന്നിരുന്നു
കരുണയും സ്നേഹവും സന്തോഷശാന്തിയും
കമനീയ സ്വർഗ്ഗം തീർത്തിരുന്നു.

അറിയാതെയോരോ സ്വപ്നങ്ങളകതാരിൽ
അനുദിനം മെല്ലെ കടന്നുവന്നു.
അവയുടെ സാഫല്യദാഹം കെടുത്തി
അലതല്ലി നിന്നൊരെൻ മനസ്സുഖത്തെ

മോഹങ്ങളൊക്കെയും സഫലമാക്കാൻ
മനസ്സുഖം വിട്ടു ഞാൻ യാത്രയായി
കൂട്ടിനെൻ സാഹസ ചഞ്ചല ചിത്തം
ഇരുളിൽ വെളിച്ചം പോൽ കൂടെ വന്നു

പല വഴി തേടി പല വേഷമാടി
പായുകയാണിന്നെൻ മോഹവഞ്ചി.
നേട്ടങ്ങൾക്കപ്പുറം നേടാത്ത പലതും
കൊതിപ്പിച്ചകലെ പ്രഭ പകർന്നു

എന്നിച്ഛാപൂർത്തിക്കീശ്വരൻ കൂടിയെൻ
ജാതകയോഗങ്ങൾ ചേർത്തുതന്നു .
ഉന്മാദിയായി ഞാൻ ഉന്മത്തനായി
എല്ലാം മറന്നൊരു ജന്മമായി

എന്റെ പിന്നാലെ ജനം വരവായി
എല്ലാമെനിക്കൊരു ഹരമായി
എങ്കിലും ഉള്ളിന്റെയുള്ളിലിന്നേതോ
വിങ്ങൽ അപസ്വരം തീർക്കും പോലെ...

മോഹമരാളം മാടി വിളിക്കുമ്പോൾ
ഗതകാലമെന്തിനോ ചിരി തൂകുന്നു ....!
എന്നേലുമിനി സുഖ ശാന്തിമന്ത്രം
എത്തുമോ എൻമനം ശുദ്ധമാക്കാൻ ......?!

## രാമായണ മാസാചരണം

ഇത്തവണത്തെ രാമായണ മാസാചരണം ഉത്ഘാടനം മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയും, കോട്ടയം ജില്ല സമിതിയും, കോത്തല ശാഖയും സംയുക്തമായി 2019 ജൂലായ് 21 ന് മണർകാട് ദേവി ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ചു നടത്തുന്നു. ഇതോട നുബന്ധിച്ചു രാമായണത്തെ അടിസ്ഥാനമാക്കിയുള്ള പ്രശ്നോത്തരി, രാമായണ പാരായണ മത്സരം, ക്ലാസ്സുകൾ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾ ജില്ല/ശാഖ മുഖാന്തരം അറിയിക്കുന്നതാണ്.

**കേന്ദ്ര കൗൺസിൽ യോഗം.**

2019 ജൂലൈ 28, ഞായർ രാവിലെ 10ന് കേന്ദ്ര കൗൺസിൽ യോഗം ഏററുമാനൂർ നന്ദാവനം ആഡിറേറാറിയത്തിൽ കൂടുന്നതാണ്. കൗൺസിൽ അംഗങ്ങളുടെ സാന്നിദ്ധ്യം സാദരം ക്ഷണിയ്ക്കുന്നു.

**ദേവൻ ഇളയത്, കേന്ദ്ര സെക്രട്ടറി.**

# ഈശാവാസ്യമിദം സർവ്വം

*(മെയ് 9ന് ആയിരുന്നുവല്ലോ ശങ്കരജയന്തി. ശങ്കരാചാര്യ ചിന്താസരണിയുടെ ആദിസ്രോതസ്സ് എന്നു കരുതാവുന്ന പ്രകൃതിപാഠങ്ങളെക്കുറിച്ച് ചില ചിന്തകൾ - പത്രാധിപർ )*

ഗോകുൽ വടുതലായിൽ, കുടക്കച്ചിറ

**'മയാ തതമിദം സർവ്വം ജഗദവ്യക്തമൂർത്തിനാ**
**മത് സ്ഥാനി സർവ്വഭൂതാനി ന ചാഹം തേഷ്വവസ്ഥിതഃ'**

(ഇന്ദ്രിയങ്ങൾക്കും മനസ്സിനും ഗോചരമല്ലാത്തവനും രൂപരഹിതനുമായ ഞാൻ എല്ലാ ജഗത്തിലും വ്യാപിച്ചിരിക്കുന്നു. സർവ്വഭൂതങ്ങളും എന്നിൽ സ്ഥിതി ചെയ്യുന്നു, എന്നാൽ ഞാനാവട്ടെ അവയിൽ മാത്രമായി ഒതുങ്ങുന്നവനല്ല!)

*ശ്രീമത് ഭഗവത്ഗീത: 9-4*

ശ്രീ ശങ്കരാചാര്യരുടെ ബാല്യത്തിലൊരിക്കൽ അദ്ദേഹം സ്വഗൃഹത്തിന്റെ പുറത്തുകൂടി നടന്നപ്പോൾ ഒരു വലിയ ആൽമരം ശ്രദ്ധയിൽപ്പെട്ടത്രെ. അതിന്റെ ചുവട്ടിൽ എത്തിയപ്പോൾ അവയിൽ നിന്നും പൊഴിഞ്ഞുവീണ അസംഖ്യം കായ്കളും അദ്ദേഹം കണ്ടു. അന്ന് ശങ്കരാചാര്യർക്ക് പ്രായം വെറും അഞ്ചോ ആറോ വയസ്സ് മാത്രമാണ്. ഏതൊരു കുട്ടികളെയും പോലെ കൗതുകത്തിന്റെയും സംശയങ്ങളുടെയും പുതുലോകം തലയുയർത്തുന്ന പ്രായം. അതിൽ നിന്നും ഒരു കായെടുത്ത് പൊട്ടിച്ചു നോക്കിയ കുഞ്ഞുശങ്കരന്റെ കണ്ണുകളിൽ വീണ്ടും അത്ഭുതം വിരുന്നുവന്നു. അതിനുള്ളിൽ നിരവധി വിത്തുകൾ. എണ്ണുവാൻ സാധിക്കാത്തത്രയും തീരെ ചെറിയ കുരുക്കൾ. ശങ്കരന്റെ കുഞ്ഞുമനസ്സ് സംശയങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു. ഇത്ര ചെറിയ കുരുവിൽ നിന്നുമാണോ ഇത്രയും വലിയ വൃക്ഷമുണ്ടായത്? ആൽമരത്തിന്റെ തണലിൽ ഇരുന്ന് ശങ്കരൻ ഈ ചിന്തയിൽ മുഴുകി. പ്രത്യക്ഷമായ ദൃശ്യങ്ങൾ ആ കുട്ടിയുടെ കണ്ണുകളിൽ നിന്നും മറഞ്ഞ്, മനസ്സിൽ മറ്റുപല കാഴ്ചകളും തെളിഞ്ഞുവന്നു.

ഒരു വലിയ മൈതാനത്തിന് നടുവിലായി പച്ചവിരിച്ച പുൽത്തകിടിക്കിടയിൽ ഈ കുരുവിൻ നിന്നും ഒരു മുളപൊട്ടുന്നു. ജലത്തിന്റെയും സൂര്യപ്രകാശത്തിന്റേയും അനുഗ്രഹത്താൽ അത് വളർന്ന് അവയിൽ നിന്നും ഇലകൾ പൊട്ടിച്ച് ആ ചെടി വലുതാവുന്നു. ആ മൈതാനത്തിൽ പുല്ലുമേഞ്ഞിരുന്ന പശുക്കളിലൊന്ന് ആ ചെടിയുടെ സമീപത്ത് വന്നെങ്കിലും തിന്നുവാൻ കൂട്ടാക്കാതെ പരിസരത്തെ മറ്റു പുല്ലുകൾ മാത്രമേ ഭക്ഷിക്കുന്നുള്ളൂ. അത് തിന്നിരുന്നെങ്കിൽ ആ ചെടി പിന്നീട് അവിടെ ഉണ്ടാകുമായിരുന്നില്ല. വായുവും, സൂര്യനും, ഭൂമിയും, ജലവും എന്നിവയ്ക്ക് പുറമേ ആ ചെടിയുടെ വളർച്ചയ്ക്ക് അവിടെയുണ്ടായിരുന്ന പശുവിന്റെ വിവേചനബുദ്ധികൂടി സഹായിച്ചിരിക്കുന്നു. എന്നാൽ അതിനെ വിവേചനബുദ്ധിയെന്നു വിളിക്കാമോ? ആ നാൽക്കാലിക്ക് ആലിന്റെ ഇല ഭക്ഷിക്കുവാൻ ഇഷ്ടമല്ലാത്തതാണ് അത് ഒഴിവാക്കാനുള്ള മൂലകാരണം. മറിച്ചായിരുന്നുവെങ്കിൽ ആലുപോലെ അനേകം ചെടികളും മരങ്ങളും ഈ ഭൂമുഖത്തു നിന്നും അപ്രത്യക്ഷമാകും. പശുക്കൾക്ക് ആലില ഭക്ഷിക്കുവാൻ ഇഷ്ടമല്ല എന്ന് പ്രകൃതിക്ക് അറിയാം. അതിനാൽ ആ ചെടി അവിടെത്തന്നെ വളരുന്നു. അത് വളർന്ന് കാലങ്ങൾക്കപ്പുറം ഒരു വൃക്ഷമായിരിക്കുന്നു.

കടുകുമണിയോളം പോന്ന കുരുവിൽ നിന്ന് ഒരു ചെടിയായി വളർന്ന്, പല ശാഖകളായി പിരിഞ്ഞ് പക്ഷികൾക്ക് കൂടുകൂട്ടുവാൻ ഇടം നൽകി, മൃഗങ്ങൾക്ക് വിശ്രമിക്കാൻ തണലുനൽകി ഒരു മഹാവൃക്ഷമായി മാറാൻ ആരാണ് ആ കുരുവിന് നിർദ്ദേശം നൽകുന്നത്? ശങ്കരൻ ഒന്നുകൂടി ആ കായിലേക്ക് നോക്കിയപ്പോൾ അതുപോലെ അനേകം വിത്തുകൾ. എല്ലാം ഇത്രയും പോന്ന വൃക്ഷങ്ങളാവാൻ കെൽപ്പുള്ളവ. അതുപോലെ എത്രയധികം കായ്കൾ ആ വൃക്ഷത്തിന്റെ പരിസരത്തായി വീണു കിടക്കുന്നു. ആ മരത്തിൽ ഒരു വനം തന്നെ ശങ്കരന് പ്രത്യക്ഷമായി. ലക്ഷക്കണക്കിന് മഹാവൃക്ഷങ്ങൾ വളരുന്ന ഒരു ഘോരവനം. അതിലെ ഒരോ കായിലേയും അരികൾ മുളപൊട്ടി, ചെടിയായി പിന്നീട് വൃക്ഷമാക്കാൻ സഹായിക്കുന്നത് പഞ്ചഭൂതങ്ങളാണ്. എന്നാൽ അവ മാത്രമായാൽ ആ ചെടി വളരുകയില്ലതാനും. ജലത്തിൽ മാത്രം കിടക്കുകയാണെങ്കിൽ അത് ചീഞ്ഞുപോകുകയും, ജലത്തിന്റെ അഭാവത്തിൽ ഭൂമിയിൽ കിടക്കുകയാണെങ്കിൽ അവ ദ്രവിച്ച് മണ്ണായിത്തീരുകയും ചെയ്യും. ആ വിത്തിനെ നശിപ്പിക്കാൻ കെൽപ്പുള്ള അതേ വസ്തുക്കൾ ഒരുമിച്ചാൽ മാത്രമാണ് ആ ചെടിക്ക് വളരുവാൻ സാധിക്കുകയുള്ളൂ. ഇനി സൂര്യപ്രകാശം ഇല്ലാതെ മണ്ണും ജലവുമുണ്ടെങ്കിലും അത് വളരുകയുമില്ല. അപ്പോൾ അവയുടെ സമന്വയമാണ് ആ കുരുവിൽ നിന്നും വൃക്ഷത്തിലേക്കുള്ള വളർച്ചയുടെ കാരണം. ആ സമന്വയത്തിന്റെ താളം ക്രമീകരിക്കുന്നതാകട്ടെ പ്രപഞ്ചശക്തിയും.

എന്നാൽ ഇതേ ഘടകങ്ങൾ മറ്റൊരു വിത്തിലായിരുന്നുവെങ്കിൽ അവയുടെ വളർച്ചയും വളർന്ന ശേഷമുള്ള ഘടനയും ഇങ്ങനെയാകുമായിരുന്നില്ല. ചിലതിന് ഉയരം കുറഞ്ഞും, മറ്റു ചിലതിന് ശാഖകളില്ലാതെ ഒറ്റത്തടിയായും, ഇലകളുടെ രൂപത്തിൽ മാറ്റങ്ങൾ വന്നും അങ്ങനെ വ്യത്യാസങ്ങൾ ഏറെയുണ്ടാകും. മൃഗങ്ങളുടേയും മനുഷ്യരുടേയും കാര്യത്തിലും ഇതുപോലെതന്നെ. രൂപത്തിൽതന്നെ അനേകായിരം വ്യത്യാസങ്ങൾ. സ്വഭാവത്തിലാവട്ടെ അതിലുമേറെ. ഒന്നും മറ്റൊന്നുമായി താരതമ്യം ചെയ്യാനാവാത്തത്ര വൈവിധ്യം. ആൽമരത്തിന്റെ വിത്തുകൾക്ക് ആ രൂപത്തിൽ മാത്രം വളരുവാനും വികസിക്കുവാനുമുള്ള ഘടനാവിശേഷം കടുകുമണിയേക്കാൾ ചെറുതായിരിക്കുമ്പോൾത്തന്നെ അതിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. എങ്കിൽ വിവിധ ഇടങ്ങളിലും സാഹചര്യങ്ങളിലും വളരുവാനും, ജലകണങ്ങളാലുണർത്തി, വായുവാൽ ആലിംഗനം ചെയ്യപ്പെട്ട് ആകാശത്തിലേക്ക് ആ വിത്തുകളെ ഉയർത്തുവാനും സഹായിക്കുന്ന ഒരു പ്രേരണാശക്തിയുണ്ട്. അത് തന്നെയാണ് നമ്മിലും വർത്തിക്കുന്നത്. അതേ ശക്തിതന്നെയാണ് പക്ഷിമൃഗാദികളിലും. ആ ശക്തിയേയാണ് ഈശ്വരൻ എന്ന് പറയപ്പെടുന്നത്. ഒരു ആൽമരത്തിന്റെ കുരുവിൽ നിന്നും തുടങ്ങിയ ശങ്കരന്റെ ചിന്ത തീർന്നത് ഈശ്വരനിലാണ്.



ജീവാത്മാവെന്നും പരമാത്മാവെന്നതുമോർക്കിൽ
കേവലം പര്യായശബ്ദങ്ങളെന്നറിഞ്ഞാലും

ഈ ശക്തി തന്നെയാണ് സർവ്വചരാചരങ്ങളിലും അടങ്ങിയിട്ടുള്ളത്. മനുഷ്യർക്കും മൃഗങ്ങൾക്കും തുടങ്ങി കല്ലിലും മണ്ണിലും വരെ. മനുഷ്യമൃഗാദികൾക്ക് ചലിക്കാനും ചിന്തിക്കാനുമുള്ള ശക്തി തരുന്നത് ആഹാരമാണ്. എന്നാൽ അൽപ്പനേരം വായു ശ്വസിക്കാതിരിക്കുകയോ അൽപ്പനേരം വെള്ളം കുടിക്കാതിരിക്കുകയോ ചെയ്താൽ ജീവൻ നിലനിർത്താൻ സാദ്ധ്യമല്ല. ആഹാരം തരുന്നതാകട്ടെ ചുറ്റുമുള്ള ചെടികളും മരങ്ങളും വായുവും. വെള്ളം തരുന്നത് പ്രകൃതിതന്നെ. ആ പ്രകൃതിയിലെ ആഹാരം തരുന്ന മരങ്ങൾക്കും വളരുവാൻ പഞ്ചഭൂതങ്ങളുടെ സഹായമില്ലാത്ത സാദ്ധ്യമല്ല. അതായത് നമ്മിലുള്ളതും ഈ പ്രകൃതിയിലുള്ളതും ഒന്നുതന്നെ. മാത്രമല്ല നമ്മുടെ ഇടയിലോ, പ്രകൃതിയിലോ ജീവചൈതന്യം നഷ്ടമായതെന്തും കാലക്രമേണ പ്രകൃതിയോട് അലിഞ്ഞ് മണ്ണായി ഭൂമിയിൽ ചേരുകയും ചെയ്യുന്നു. അപ്പോൾ ഈ ശരീരത്തിന്റെ മറ്റൊരു രൂപമാണ് മണ്ണ്. മറിച്ച് ചിന്തിച്ചാൽ മണ്ണിന്റെ മറ്റൊരു രൂപം പ്രാപിച്ചാണ് ശരീരമായത്. അങ്ങനെ നോക്കിയാൽ പ്രകൃതിയിൽ ഉള്ളതെല്ലാം ഒന്നുതന്നെയാണ്. പല രൂപഭാവ വൈവിധ്യങ്ങളിൽ ആണെന്ന് മാത്രം.

ഒരു ആൽമരത്തിന്റെ കായിലെ ഇത്തിരിപ്പോന്ന ഒരു വിത്താണ് ശ്രീ ശങ്കരാചാര്യൻ എന്ന മഹാത്മാവിന് ഈ പ്രപഞ്ചസത്യത്തിലേക്കുള്ള വഴികാട്ടിയായത്. ഈ പ്രകൃതി തന്നെയാണ് നാം, ഈ പ്രപഞ്ചം തന്നയാണ് നാം. എല്ലാത്തിലുമുള്ളത് താൻ തന്നെയെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ പറഞ്ഞതും ഇതുതന്നെ. ഈ സംഭവങ്ങൾ നടക്കുമ്പോഴുള്ള ശങ്കരാചാര്യരുടെ പ്രായം ആ മഹത്വത്തിന്റെ ഉയരം കൊടുമുടികളിലെത്തിക്കുന്നു. ഇതിൽ നമ്മുക്ക് അല്ലെങ്കിൽ സാധാരണ മനുഷ്യർക്ക് ഉൾക്കൊള്ളുവാൻ നിരവധി പാഠങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. അതിൽ പ്രധാനം പ്രകൃതിയുടെ വൈവിധ്യമാണ്. മനുഷ്യകുലത്തിന്റെ പ്രഥമ ഗുരു, അത് മറ്റാരുമാകാൻ സാധ്യതയില്ല, പ്രകൃതിതന്നെയാണ്. അവനെ ജീവിക്കാനും ചിന്തിപ്പിക്കാനും പഠിപ്പിച്ചത് ഈ പ്രകൃതിയുടെ വൈവിധ്യമാണ്. എല്ലാത്തിലേയും പുറമെ കാണുന്ന നാനാത്വവും ഉള്ളിലെ അദ്വൈതാംശവും തുടങ്ങി നമ്മുക്കറിയേതെല്ലാം പ്രകൃതിതന്നെ പറഞ്ഞുതരുന്നുണ്ട്. പക്ഷേ അത് ഗ്രഹിക്കുവാൻ പഞ്ചേന്ദ്രിയങ്ങളെ നാം പ്രാപ്തമാക്കണം, അവയെ പൂർണ്ണമായി പ്രകൃതിയിൽ അർപ്പിക്കുകയും വേണം. ചിന്തകളുടെ ലോകത്തേക്ക് സ്വതന്ത്രമായി മനസ്സിനെ അലയുവാൻ വിടണം. ഉൾക്കൊള്ളുവാനും, ആശയങ്ങൾ അനുമാനിക്കാനും അതുവഴി അറിവ് ഗ്രഹിക്കാനും നാം പരിശീലിക്കണം.

വർത്തമാനകാലത്തിൽ ഒരു പക്ഷേ മനുഷ്യസമൂഹത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്നതും ഇത് തന്നെയാണ്. നാം പഠിക്കുവാനും പഠിപ്പിക്കുവാനും പ്രാഥമികമായി ഗ്രന്ഥങ്ങളേയും വിവിധതരം സാങ്കേതിക വിദ്യകളേയും, മാധ്യമങ്ങളേയും, സാമൂഹ മാധ്യമങ്ങളേയും മറ്റും ആശ്രയിക്കുന്നു. അവ തെറ്റാണെന്നല്ല മറിച്ച് അനുഭവം ഗുരുവാകണമെങ്കിൽ ആ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന പ്രകൃതിയിലേക്കും നാം ശ്രദ്ധ ചെലുത്തണം. പ്രകൃതിയിലേക്ക് ഇറങ്ങുകയും ഇണങ്ങുകയും ചെയ്യണം.

ഭാരതദേശം പ്രകൃതി വൈവിധ്യങ്ങളാൽ അനുഗ്രഹീതമാക്കപ്പെട്ട ദേശമാണ്. വനങ്ങളും, പുഴകളും, മരുഭൂമിയും, കടൽത്തീരവും തുടങ്ങി ഭൂപ്രദേശങ്ങളുടെ വൈവിധ്യങ്ങൾ നമ്മുടെ മുൻപിൽ നിറഞ്ഞു നിൽക്കുന്നു. അവയെ ഒരു കുട്ടിയുടെ കൗതുകത്തോടെ വീക്ഷിക്കുവാനും ജിജ്ഞാസയോടെ മനസ്സിലാക്കുവാനും ശ്രമിച്ചാൽ പ്രകൃതി മറ്റാരും പറയാത്തത്ര പാഠങ്ങൾ നമ്മൾക്ക് കനിഞ്ഞുനൽകും. ശ്രീ ശങ്കരാചാര്യർക്ക് നൽകിയപോലെ.

ഭാരതത്തിന്റെ അഭിമാന ബിംബങ്ങളായ ശാസ്ത്രജ്ഞൻമാർ, ജ്യോതിഷികൾ പണ്ഡിതർ തുടങ്ങിയ എല്ലാവരുടെയും ഗുരുസ്ഥാനീയരിൽ നമ്മുടെ പ്രകൃതിക്കും ചുറ്റുപാടിനും ചെറുതല്ലാത്ത വിധം സ്ഥാനമുണ്ടായിരുന്നു. കുട്ടികളായിരിക്കുമ്പോൾ തന്നെ അവയെ സസൂക്ഷ്മമായി നിരീക്ഷിക്കുവാൻ പരിശീലിച്ചാൽ എന്തും അനായാസമായി ഗ്രഹിക്കുവാനും, ഗ്രഹിച്ചകാര്യങ്ങളെ ഒരു കണ്ണാടിയിലെന്നപോലെ പതിയുവാനും ആ മനസ്സുകൾ പ്രാപ്തമാകും. അങ്ങനെ മനസ്സിൽ പതിഞ്ഞവ ഭാവി ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങൾ ഒരിക്കലും ചെറുതാകില്ല എന്ന് തീർത്ത് പറയുവാനാകും.

ആത്മജ്ഞാനം തേടിപ്പോയ ആ മഹാപ്രതിഭയുടെയും, എണ്ണിയാലൊടുങ്ങാത്തത്ര തത്വചിന്തകളും ഗ്രന്ഥങ്ങളും നാനാതനധർമ്മത്തിനും ആർഷഭാരതത്തിനും സമ്മാനിച്ച ആ ജീവിതത്തിന്റേയും തുടക്കം ഒരുപക്ഷേ ആ ആൽമരത്തിലേ കായ്കളുടെ കുരുന്നു വിത്തുകളിൽ നിന്നുമാകാം. അവയാകാം സർവ്വചരാചരങ്ങളിലും ഈശ്വരചൈതന്യം ദർശിക്കാനും എല്ലാവരോടും ഈശ്വരനോടെന്നപോലെ ഭക്തിയോടെ പൊരുമാറാനും, ഈശ്വരന്റെ ഇച്ഛാനുസരണം കർമ്മം അനുഷ്ക്കാനുമാണ് മനുഷ്യധർമ്മം എന്ന തിരിച്ചറിവ് ആദിശങ്കരന് ബോധ്യപ്പെടുത്തിയത്. ആ ധർമ്മത്തിന്റെ പൊരുൾ അന്വേഷിച്ചിറങ്ങാൻ പ്രേരകമായതും അതുതന്നെയാവും. ഈ കാരണങ്ങളിലാണ് ഭാരതീയ സംസ്കാരവും സനാതന ധർമ്മവും പ്രകൃതിയെ പൂജിക്കുന്നത്. ജലത്തേയും, വായുവിനേയും, അഗ്നിയേയും ഭൂമിയേയുമൊക്കെ ദേവതാസങ്കൽപ്പങ്ങൾ എന്ന സ്ഥാനം നൽകി ബഹുമാനിക്കുന്നത്. അവയെ ആ പവിത്രതയോടെ കാത്തുസംരക്ഷിക്കുവാനും അത് നൽകുന്ന പാഠങ്ങൾ വേണ്ട വിധം ഉൾക്കൊള്ളുവാനും ഇനി വരുന്ന തലമുറയ്ക്ക് സാധിക്കണമെങ്കിൽ നമ്മളും പ്രകൃതിയെ അറിയുവാൻ ആരംഭിക്കണം. എത്രമാത്രം അറിഞ്ഞാലും ആഴംകൂടിവരുന്നതും, സാങ്കൽപ്പാതീതമായ അളവിലുള്ളതുമായ ആ ജ്ഞാനതീർത്ഥത്തെ നമുത്ത് സേവിക്കാം. ബഹുമാനിക്കുകയും പൂജിക്കുകയും ചെയ്യാം, സർവ്വോപരി അവരേയും ഭജിക്കാം.

> സ്ഥലപരിമിതി മൂലം വൈകിക്കിട്ടിയ ചില ഫോട്ടോകളും ചില തുടർ പംക്തികളും വൈക്കം, രാമപുരം, കൂത്താട്ടുകുളം ശാഖാവാർത്തകളും ചേർക്കാൻ സാധിച്ചിട്ടില്ല. അതിൽ വിഷമമുണ്ട്
>
> പത്രാധിപർ

വിവിധ മേഖലകളിൽ ലോകം എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് ആ രംഗങ്ങളിലെ വിദഗ്ദ്ധർ വായനക്കാരെ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. (നാനാ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സമാജംഗങ്ങളിൽ നിന്നും ഇത്തരത്തിലുള്ള കൗതുകകരവും വിജ്ഞാനപ്രദവുമായ ലേഖനങ്ങൾ ക്ഷണിക്കുന്നു. വിഷയങ്ങൾക്ക് പരിധിയില്ല. ക്ഷേത്രവിജ്ഞാനം മുതൽ റോക്കറ്റ് വിക്ഷേപണം വരെ ആകാം. ലേഖനം ബ്രഹ്മശ്രീയുടെ മൂന്നു പേജിൽ കൂടുതൽ ആകരുതെന്നു മാത്രം : പത്രാധിപർ)

# ബാങ്കിങ് രംഗത്തെ തട്ടിപ്പുകൾ ചില മുൻ കരുതലുകൾ

V N ദിവാകരൻ MBA, DISA (റിട്ട. മാനേജർ, ഫെഡറൽ ബാങ്ക്)

ആധുനിക വിവര സാങ്കേതിക വിദ്യയുടെ ആവിർഭാവത്തോടെ പണമിടപാടുകൾ കൈവരിച്ച വേഗവും സുരക്ഷിതത്വവും കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചിരുന്നല്ലോ. സാങ്കേതിക വിദ്യ മനുഷ്യനന്മയ്ക് ഉപകാരപ്പെടുന്നതോടൊപ്പം തന്നെ ഈ രംഗത്ത് ഒറ്റയ്ക്കും കൂട്ടായും പ്രവർത്തിച്ച് തട്ടിപ്പുകൾ നടത്തുന്നവർ പലപ്പോഴും സാങ്കേതികമായി പിന്നോക്കം നിൽക്കുന്ന സാധാരണ നിക്ഷേപകരുടെ അജ്ഞതയെ ചൂഷണം ചെയ്ത് അവർ വിയർപ്പൊഴുക്കി നേടിയ സമ്പാദ്യം തട്ടിയെടുക്കുന്നു. ഇത്തരം തട്ടിപ്പുകൾ തടയുവാനായി റിസർവ് ഉൾപ്പെടെയുള്ള ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും വേണ്ടത്ര നടപടികൾ സ്വീകരിക്കുകയും നിക്ഷേപകരെ പരസ്യങ്ങളിലൂടെ ബോധവാന്മാരാക്കാൻ ശ്രമിക്കുന്നുവെങ്കിലും കേരളം പോലെ സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന പ്രദേശങ്ങളിൽ പോലും ദിനം പ്രതി നടക്കുന്ന ഇത്തരം തട്ടിപ്പുകൾ വർത്താ മാദ്ധ്യമങ്ങളിൽ ഇടം പിടിച്ചു കൊണ്ടിരിക്കുന്നു. കൂടുതലും തട്ടിപ്പുകൾ നടക്കുന്ന ATM കാർഡുകൾ, മൊബൈൽ ബാങ്കിംങ്, ഓൺ ലൈൻ പർചേസ് എന്നീ മേഖലകളിൽ ഇതിനെതിരേ സ്വീകരിക്കാവുന്ന മുൻകരുതലുകൾ ഒന്നു രണ്ട് സംഭവ കഥകളിലൂടെ വിവരിക്കാം. കൊടുത്തിരിക്കുന്ന പേരുകൾ യഥാർത്ഥമല്ല.

പതിവായി പ്രസന്ന വദനയായി മാത്രം ബാങ്കിൽ വരികയും തന്റെ ഊർജ്ജസ്വലത ജീവനക്കാരുമായി പങ്കു വയ്കുകയും ചെയ്യാറുള്ള ലക്ഷ്മിച്ചേച്ചി കയർത്തു കൊണ്ടാണ് അന്ന് സംസാരം തുടങ്ങിയത് തന്നെ. തന്റെ ചെറിയ കൃഷിയിടത്തിൽനിന്നും പശുവളർത്തലിൽ നിന്നും കിട്ടുന്ന വരുമാനം സ്വരുക്കൂട്ടി മകളുടെ വിവാഹത്തിനും മകന്റെ വിദ്യാഭ്യാസത്തിനുമായി നിക്ഷേപിച്ചിരുന്ന തുകയിൽ നിന്നാണ് ATM കാർഡ് വഴി അവരറിയാതെ 10,000 രൂപ പിൻവലിച്ചിരിക്കുന്നത്. കാർഡ് ഭദ്രമായി വീട്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നും പാസ്‌വേർഡ് മറ്റാർക്കും അറിയില്ലെന്നും പറഞ്ഞത് വിശ്വസനീയമായി തോന്നി. വിശദ പരിശോധനയിൽ ബ്രാഞ്ചിനോടു ചേർന്നുള്ള ATMൽ നിന്ന് തന്നെയാണ് പണം പിൻവലിച്ചതെന്ന് മനസ്സിലായി. തീയതിയും സമയവും വച്ച് CCTV പരിശോധിച്ചപ്പോൾ കള്ളി വെളിച്ചത്തായി. ലക്ഷ്മിച്ചേച്ചിയുടെ ഭർത്താവ് വാസുവേട്ടനാണ് കാർഡുമായി എത്തി പണം പിൻവലിച്ചിരിക്കുന്നത്. പെയിന്റിംങ് തൊഴിലാളിയായ വാസുവേട്ടന് പണിയുള്ള ദിവസം വിരളവും കൂലി കിട്ടിയാൽ തന്നെ കൂട്ടുകാരൊത്ത് മിനുങ്ങി വീട്ടിൽ എത്തുമ്പോഴേക്ക് ബാക്കിയൊന്നും കാണുകയുമില്ല. പണം പിൻവലിച്ച ദിവസം ലക്ഷ്മിച്ചേച്ചി കുട്ടികളുമായി ടൗണിൽ ഷോപ്പിങ്ങിനു പോയിരിക്കുകയായിരുന്നു. സാധാരണ കാർഡ് ഭർത്താവിനു പോലും കൈമാറാത്ത ലക്ഷ്മിച്ചേച്ചി പക്ഷെ രഹസ്യ പാസ്‌വേർഡ് അടങ്ങിയ പേപ്പർ കാർഡിനോടൊപ്പം സൂക്ഷിച്ചിരുന്നത് വാസുവേട്ടന് തുണയായി. എന്തായാലും ATMന്റെ പാസ്‌വേർഡ് മാറിയിട്ടേ ലക്ഷ്മിച്ചേച്ചി ബാങ്കിൽ നിന്ന് മടങ്ങിയുള്ളു. വീട്ടിൽ എത്തിയതിനുശേഷമുള്ള സംഭവവികാസങ്ങൾക്ക് ബാങ്ക് ഒരു രീതിയിലും ഉത്തരവാദിയല്ലാ എന്നു കൂടി പ്രസ്താവിച്ച് ഈ കഥ അവസാനിപ്പിക്കാം.

ലക്ഷ്മിച്ചേച്ചി യുടെ പണം സ്വന്തം കുടുംബാംഗം തന്നെയാണ് കൈക്കലാക്കിയതെങ്കിൽ റിട്ടയേർഡ് അദ്ധ്യാപകനായ സദാനന്ദൻ മാഷിന് അക്കൗണ്ടിൽ നിന്ന് നഷ്ടപ്പെട്ടത് ലക്ഷങ്ങളോളം രൂപയാണ്. തന്റെ പെൻഷൻ കിട്ടിയ തുകയിൽ നിന്ന് ഒരു പങ്ക് അടിയന്തര ആവശ്യങ്ങൾക്കായി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ ഇട്ടിരിക്കുകയായിരുന്നു മാഷ്. ATM കാർഡ് വഴിയും മൊബൈൽ ബാങ്കിംങ് വഴിയും ഓൺലൈൻ പർചേസ്, ടിക്കറ്റ് ബുക്കിംങ്, ബിൽ പേയ്മെന്റ് ഒക്കെ നടത്താൻ മാഷിന് അറിയാമായിരുന്നു. എന്നാൽ മൊബൈലിൽ വന്ന ഒരു കോളിൽ താൻ മാഷിന്റെ അക്കൗണ്ട് ഉള്ള ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്നും ആണ് വിളിക്കുന്നതെന്നും താൻ പറയുന്ന അക്കൗണ്ട് നമ്പറും ATM കാർഡ് നമ്പറും മാഷിന്റെ തന്നെയല്ലെയെന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യപ്പെട്ടു . നിലവിലുള്ള കാർഡിന്റെ കാലാവധി അവസാനിച്ചതായും കൂടുതൽ സുരക്ഷിതമായ പുതിയ കാർഡ് നൽകുന്നതിലേക്ക് മൊബൈലിലേക്ക് അയച്ചിരിക്കുന്ന OTP (ഒറ്റത്തവണ പാസ് വേർഡ്) നൽകുവാൻ ആവശ്യപ്പെട്ടു. മാഷ് കൂടുതലൊന്നും ആലോചിക്കാതെ മൊബൈലിൽ ലഭിച്ച OTP അറിയിച്ചു. തന്റെ അക്കൗണ്ടിൽ നിന്ന് പണം പിൻവലിച്ച സന്ദേശം മൊബൈലിൽ വന്നത് കണ്ട് മാഷ് ബാങ്കിൽ എത്തിയപ്പോഴാണ് താൻ ചതിക്കപ്പെട്ടതായും ബാങ്കിൽ നിന്നും അങ്ങിനെ ഒരിക്കലും പാസ്‌വേർഡ് ആവശ്യപ്പെടാറില്ലന്നും മനസ്സിലാക്കുന്നത്. പക്ഷെ അതിനോടകം മാഷിന്റെ അക്കൗണ്ടിൽ ഉണ്ടായിരുന്ന ലക്ഷക്കണക്കിന് രൂപ രാജ്യത്തിലെ വിവിധ ATM/POSകളിൽ നിന്നായി പിൻവലിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

ഏതാനും വർഷങ്ങൾക്ക് മുൻപ് ഈ മെയിൽ വഴി നടന്ന മറ്റൊരു തട്ടിപ്പ് ഇപ്രകാരമാണ്. വിദേശത്ത് ഒരു രാജ്യത്ത് ഒരു കോടീശ്വരൻ മരണമടഞ്ഞതായും അദ്ദേഹത്തിന്റെ യഥാർത്ഥ അവകാശിക്ക് ഈ തുക ലഭിക്കുവാൻ ഒരു നിശ്ചിത തുക കെട്ടി വയ്കുവാൻ സഹായിക്കുന്ന പക്ഷം അവകാശിക്ക് ലഭിക്കുന്ന കോടിക്കണക്കിന് ഡോളറിന്റെ നല്ലൊരു പങ്ക് സഹായിക്കുന്ന വ്യക്തിക്കും ലഭിക്കും.

ഈ പ്രലോഭനത്തിൽ വീണ് പണം നഷ്ടപ്പെടുത്തിയവർ വളരെയേറെയാണ്.

താങ്കൾക്ക് 5 കോടി ലോട്ടറി അടിച്ചതായും ആ തുക ലഭിക്കുവാൻ ഒരു നിശ്ചിത തുക ഉടനെ അയയ്കണമെന്നുമുള്ള വ്യാജ മൊബൈൽ സന്ദേശങ്ങളിൽ വീണു പോകുന്നവർ നമ്മുടെയിടയിൽ ഇപ്പോഴുമുണ്ട്. കുറുക്കു വഴികളിലൂടെ പണം സമ്പാദിക്കാനുള്ള മലയാളികളുടെ സഹജമായ ആഗ്രഹത്തെ മുതലെടുക്കുന്നത് നൈജീരിയ പോലുള്ള ആഫ്രിക്കൻ രാജ്യങ്ങളിലെ ഇതു പോലുള്ള തട്ടിപ്പു സംഘങ്ങളാണ്.

**തട്ടിപ്പുകൾ തരാതരം**

മേൽക്കാണിച്ചിരിക്കുന്ന രീതികളിലുള്ള തട്ടിപ്പുകളിൽ നിക്ഷേപകരുടെ ജാഗ്രതക്കുറവ് ഒരു നല്ല പങ്ക് വഹിക്കുന്നുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. എന്നാൽ നിക്ഷേപകരുടെയോ ബാങ്കിന്റെ വീഴ്ചകൊണ്ടല്ലാതെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അന്താരാഷ്ട്ര തലത്തിൽ തട്ടിപ്പുകൾ നടത്തുന്ന സംഘങ്ങൾ തന്നെ നിലവിലുണ്ട്. ഇത്തരം ചില തട്ടിപ്പുകൾ കൂടി നമുക്ക് പരിചയപ്പെടാം.

1. ATM കൗണ്ടറുകളിൽ രഹസ്യ ക്യാമറ, കാർഡ് സ്കിമ്മർ, കീ പാഡ് മുതലായവ സ്ഥാപിച്ച് കാർഡ് വിവരങ്ങൾ, രഹസ്യ പാസ്‌വേർഡ് എന്നിവ കൈക്കലാക്കുകയും അതു വഴി പിന്നീട് പണം പിൻവലിക്കുകയും ചെയ്യുന്നു. ഏതാനും വർഷം മുൻപ് കേരളത്തിലുൾപ്പെടെ പല ATMകളിലും വിദേശികളുൾപ്പെടുന്ന ഒരു സംഘം നടത്തിയ ഇത്തരം തട്ടിപ്പ് കൈയ്യോടെ പിടിച്ചിരുന്നു. 'റോബിൻഹുഡ്' എന്ന മലയാള സിനിമയിൽ ATMൽ നിന്ന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പണം കവരുന്നത് അതിശയോക്തിപരമായി ചിത്രീകരിച്ചിട്ടുണ്ടെങ്കിലും അത്തരം മോഷണങ്ങൾ ഇനിയും ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

2. വ്യാജ ATM കാർഡുകൾ നിർമ്മിക്കുകയും ബാങ്കുകളിൽ നിന്ന് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലെ ATM കളിൽ നിന്നും പണം പിൻവലിക്കുകയും ചെയ്യുന്നു. ഉത്തരേന്ത്യയിലെ ചില പട്ടണങ്ങൾ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന നിരവധി തട്ടിപ്പു സംഘങ്ങൾ EMVചിപ്പുകൾ പിടിപ്പിച്ച ATM കാർഡുകളുടെ ആവിർഭാവത്തോടെ ഇപ്പോൾ പത്തി മടക്കിയിരിക്കുന്നു.

3. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കാർഡ് ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുമ്പോൾ കടയിലെ ജീവനക്കാരുടെ സഹായത്തോടെ POS മെഷീനുകളിൽ ഘടിപ്പിച്ചിരിക്കുന്ന സ്കിമ്മറുകൾ വഴി കാർഡിലെ വിവരങ്ങൾ ചോർത്തുന്നു.

4. വിശ്വസനീയമല്ലാത്ത ഓൺ ലൈൻ പോർട്ടലുകളിൽ കാർഡ് നമ്പർ, CVV (കാർഡിനു പുറത്തെ 3 അക്ക നമ്പർ), OTP എന്നിവ നൽകുമ്പോൾ അത് തട്ടിപ്പിലേക്ക് നയിക്കപ്പെടാം.

**എടുക്കാവുന്ന മുൻകരുതലുകൾ**

സൗകര്യപ്രദമായ പണമിടപാടുകൾക്കായി നമുക്ക് ലഭിച്ചിരിക്കുന്ന ആധുനിക സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാനും തട്ടിപ്പുകാരെ അകറ്റി നിർത്തുവാനും ചില നിർദ്ദേശങ്ങൾ :

1. ATM കാർഡ്, രഹസ്യ പിൻ എന്നിവ ഒരുമിച്ച് സൂക്ഷിക്കാതിരിക്കുക. പിൻ നമ്പർ കഴിവതും ഓർമ്മയിൽ മാത്രം സൂക്ഷിക്കുക.

2. രഹസ്യ പിൻ ആരുമായും പങ്കു വയ്കാതിരിക്കുക. താല്കാലികമായി ആർക്കെങ്കിലും കൊടുത്താൽത്തന്നെ ആ ആവശ്യത്തിനു ശേഷം പിൻ നമ്പർ മാറ്റുക.

3. ATM ൽ നിന്നും പണം പിൻവലിച്ചതിനു ശേഷം കാർഡ് തിരിച്ചെടുക്കുകയും ഇടപാട് പൂർത്തിയായതായി മെഷീനിൽ സൂചന ലഭിച്ചതിനുശേഷം മാത്രം കൗണ്ടറിൽ നിന്നും പുറത്തിറങ്ങുകയും ചെയ്യുക.

4. ATM കാർഡ് നഷ്ടപ്പെട്ടാൽ രഹസ്യപിൻ നഷ്ടപ്പെട്ടിട്ടില്ലന്ന് ഉറപ്പ് വരുത്തുക. പിൻ ഉൾപ്പെടെ നഷ്ടപ്പെട്ടെങ്കിൽ എത്രയും ഉടനെ ബാങ്കിനെ അറിയിച്ച് കാർഡ് മരവിപ്പിച്ച് പുതിയ കാർഡിനായി അപേക്ഷിക്കുക .

5. രഹസ്യ പിൻ നമ്പർ, ATM കാർഡ് നമ്പർ, CVV (കാർഡിന് പുറത്ത് ഒപ്പ് രേഖപ്പെടുത്തുന്ന ഭാഗത്തുള്ള 3 അക്ക നമ്പർ ), OTP (ഒറ്റത്തവണ പാസ്സ്‌വേർഡ്) എന്നിവ ബാങ്ക് ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ ആർക്കും കൈമാറാതിരിക്കുക. റിസർവ് ബാങ്ക് ഉൾപ്പെടെ ഒരു ബാങ്കും നിങ്ങളോട് മേൽക്കാണിച്ചിരിക്കുന്ന നമ്പറുകൾ ആവശ്യപ്പെടില്ലെന്ന് മനസ്സിലാക്കുക.

6. വിലപിടിപ്പുള്ള സാധനങ്ങൾ ഓൺലൈൻ ആയി വാങ്ങുമ്പോൾ വിശ്വസനീയമായ പോർട്ടലുകളെ മാത്രം തിരഞ്ഞെടുക്കുക. ഉദ്ദേശ്ശിച്ച ഉല്പന്നം ലഭിക്കാതെ വരുന്നതും, പായ്കറ്റിൽ ഒരു വിലയുമില്ലാത്ത വസ്തുക്കൾ ലഭിച്ച് വഞ്ചിതരാവുന്നവരുടെ എണ്ണവും ദിനം പ്രതി വർദ്ധിച്ചു വരികയാണ്.

7. ബാങ്കുകൾ KYC പോലുള്ള ആവശ്യത്തിലേക്ക് രേഖകൾ ആവശ്യപ്പെടുമ്പോൾ അവരോട് സഹകരിക്കുക. ഇടപാടുകാരുടെ സുരക്ഷിതത്വം മുൻനിർത്തി ആണ് ഇത് ആവശ്യപ്പെടുന്നത് എന്ന് മനസ്സിലാക്കുക

ഭൂമിയിൽ മനുഷ്യനു മാത്രം വരദാനമായി ലഭിച്ച വിശേഷ ബുദ്ധി ഉപയോഗിച്ച് ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അവൻ കൈവരിച്ച പുരോഗതിയുടെ തേരിലേറി മാനവരാശി വിവിധ മേഘലകളിൽ അതിശയകരമായ നേട്ടങ്ങൾ കൊയ്യുമ്പോൾത്തന്നെ, ആണവായുധങ്ങളും സൈബർ ഭീകരതയും കലികാലത്തെ ഭസ്മാസുരന്മാരായി നമ്മുടെ നിലനിൽപ്പിനു തന്നെ ഭീഷണി ഉയർത്തുകയും ചെയ്യുന്നു. നമുക്ക് ചുറ്റും തങ്ങളുടെ ഇരകൾക്കായി സൈബർ ചിലന്തികൾ വിരിക്കുന്ന വലയിൽ വീഴാതിരിക്കാൻ ഈ അറിവുകൾ വായനക്കാരെ കുറച്ചെങ്കിലും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചിന്തകൾ

## മാമ്പഴം

മാവ് കുട്ടികളോട് ചോദിച്ചു.
'എന്തു പറ്റീ..
ഈ വഴി ആരെയും കാണുന്നില്ലല്ലോ''
കുട്ടികൾ : 'അതിന് നിന്റെ കയ്യിൽ
ഇപ്പോൾ മാമ്പഴമില്ലല്ലോ...'
'ഉണ്ടാകുമ്പോൾ വരാം''

ഉള്ളിലോ പുറത്തോ
എന്തെങ്കിലും വേണം.
ഇല്ലെങ്കിൽ ആരുമൊപ്പം കാണുകില്ല..

സെൻ

# മാതൃകയാണി 'മായാ'ജാലം



*(കേരള സർക്കാരിന്റെ വനിതാ വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ മികച്ച സംരംഭകയ്ക്കുള്ള 2019ലെ 'നവാംഗന 2019' അവാർഡു നേടിയ ചേർത്തല പുല്ലയിൽ ഇല്ലത്ത് മായാ വാസുദേവന് ബ്രഹ്മശ്രീയുടെയും എല്ലാ മലയാള ബ്രാഹ്മണ സമാജാംഗങ്ങളുടെയും അഭിനന്ദനങ്ങൾ. ഈ ലേഖനത്തിൽ മായ താൻ കടന്നുവന്ന വഴികളെ വിവരിച്ചുതരുന്നു. സ്വയം തൊഴിൽ ആഗ്രഹിയ്ക്കുന്ന എല്ലാവർക്കും പ്രചോദനം ആകട്ടെ ഈ ലേഖനം. പശുവളർത്തലിനെക്കുറിച്ച് സംശയങ്ങ ളുള്ളവർക്ക് മായയുടെ ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ് - പത്രാധിപർ)*

***മായാ വാസുദേവൻ***
*പുല്ലയിൽ ഇല്ലം, ചേർത്തല - **9946296644***

ഞാൻ മായ. കോട്ടയം ജില്ലയിൽ മാഞ്ഞൂർ പുതിയിടത്ത് ഇല്ലത്ത് നീലകണ്ഠൻ നമ്പൂതിരിയുടെയും ഇന്ദിരാദേവിയുടെയും മകളായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസവും കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദവും പൂർത്തിയാക്കിയതിനുശേഷം, ഒരു ഗവണ്മെന്റ് ജോലിക്കുവേി ടെസ്റ്റുകൾ അനവധി എഴുതി. 2004 ൽ പി.എസ്.സി ലിസ്റ്റിൽ വന്നെങ്കിലും നിർഭാഗ്യവശാൽ അത് കിട്ടിയില്ല. സോഫ്റ്റ്വെയർ മേഖലയിൽ കുറച്ചുകാലം ജോലി നോക്കി. 2008 മെയ് 7 പുല്ലയിൽ ഇല്ലത്ത് വാസുദേവന്റെ ജീവിത സഖിയാകുകയും, തുടർന്ന് ചേർത്തലയിൽ ഒരു സെൽഫ് ഫിനാൻസിംഗ് കോളേജിൽ അധ്യാപികയായി 5 വർഷക്കാലം ജോലി നോക്കുകയും ചെയ്തു. ഈ കാലയളവിൽ തന്നെ ഇരട്ടക്കുട്ടികളുടെ (മാധവകൃഷ്ണൻ, മുകുന്ദകൃഷ്ണൻ) അമ്മയാകാനുള്ള ഭാഗ്യവും ഉണ്ടായി. ഭർത്താവ് വിദേശത്ത് ആയിരുന്നതിനാൽ കുട്ടികളുടെ കാര്യവും പ്രായമായ മാതാപിതാക്കളുടെ കാര്യങ്ങൾ കൂടി നോക്കേണ്ട ഉത്തരവാദിത്വം എന്നിൽ നിക്ഷിപ്തമായി.

സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തപ്പോൾ നേരിടേി വന്ന തിക്താനുഭവങ്ങൾ സ്വകാര്യ സ്ഥാപനങ്ങളിലെ വൈറ്റ് കോളർ ജോലികളെക്കാളും സ്വന്തമായി ഒരു സംരംഭം തുടങ്ങുക എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചു. ജോലിസ്ഥലത്തെ ബുദ്ധിമുട്ടുകളും കുടുംബഭരണവും ഒന്നിച്ചു കൊണ്ടുപോകാൻ പറ്റാതെ വന്നപ്പോൾ ജോലി രാജിവച്ചു. പല പദ്ധതികളെക്കുറിച്ചും ആലോചിച്ചതിനുശേഷം ഭർത്താവിന്റെ സ്വപ്നപദ്ധതിയായ ഡയറിഫാം എന്ന ആശയത്തിൽ എത്തിച്ചേരുകയും ചെയ്തു.

2014 ഒക്ടോബറിൽ ആണ് ഞങ്ങളുടെ ഇല്ലത്തേക്ക് ഒരു പശുവിനെ തരാമെന്ന് വാർഡ് കൗൺസിലർ വാക്കുപറഞ്ഞത്. അതോടുകൂടിയാണ് ഇന്ന് ഗോശ്രീ ഡയറിഫാം എന്ന് അറിയപ്പെടുന്ന സ്ഥാപനത്തിന് ജീവൻ വെയ്ക്കാൻ തുടങ്ങിയത്. ഡയറിഫാം എന്ന ആശയം കുറെകാലമായി ഞങ്ങൾ ഒരു സ്വപ്ന പദ്ധതിപോലെ കണ്ടിരുന്ന ഒന്നാണ്. വിദേശവാസം അവസാനിപ്പിച്ച് ഭർത്താവ് 2013 ആഗസ്റ്റിൽ നാട്ടിലെത്തിയതോടെ ഞങ്ങളുടെ സ്വപ്നപദ്ധതി സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ഈ സംരഭവുമായി ബന്ധപ്പെട്ടുനിൽക്കുന്ന അനേകം ക്ഷീരകർഷകരെ നേരിൽകണ്ട് ഇതിനെപ്പറ്റിയുള്ള കാര്യങ്ങൾ ചോദിച്ചറിഞ്ഞു. അതുപോലെ നിരവധി വലുതും ചെറുതുമായ ഡയറിഫാമുകൾ നേരിട്ട് സന്ദർശിക്കുകയും ചെയ്തു.



അതുവഴി പ്രായോഗികബുദ്ധിമുട്ടുകൾ മനസ്സിലാക്കാനും അവ തരണം ചെയ്യുവാനുള്ള വഴികൾക്കായുള്ള ഗൃഹപാഠം ചെയ്ത് തയ്യാറെടുപ്പുകൾ നടത്താനും സാധിച്ചു.

അങ്ങിനെ ഒരു പശുവിൽ നിന്ന് ഗോശ്രീ ഡയറി ഫാമിന്റെ പ്രവർത്തനം ആരംഭിച്ചു. പ്രതിദിനം 15 ലിറ്റർ പാൽ കിട്ടിയിരുന്നെങ്കിലും അതുകൊ് ആവശ്യക്കാർക്കെല്ലാവർക്കും നല്കാൻ സാധിക്കാതെ വന്നപ്പോൾ തമിഴ്നാട്ടിലെ കമ്പത്തുനിന്ന് 3 പശുവിനെ കൂടി വാങ്ങുകയും ചെയ്തു. അങ്ങനെ ഞങ്ങളുടെ ചെറിയ ഫാമിലെ പാൽ ഉല്പാദനം 60 ലിറ്ററായി ഉയർന്നു.

പാൽ ഉൽപാദനം വർദ്ധിച്ചതോടെ ഇല്ലത്തു വരുന്ന ആവശ്യക്കാർക്ക് കൊടുത്തതിനുശേഷം മിച്ചം വരുന്ന പാൽ മിൽമയിൽ കൊടുക്കാൻ തുടങ്ങുകയും ചെയ്തു. സ്ഥിരമായി മിൽമയിൽ പാൽ കൊടുക്കാൻ തുടങ്ങിയപ്പോൾ ഒരു ദിവസം സൊസൈറ്റിയിൽ നടന്ന ഒരു ക്ഷീരകർഷക സമ്പർക്ക പരിപാടിയിൽ സംബന്ധിക്കുവാൻ അവസരം ലഭിച്ചു. ആ പരിപാടിയിൽ വച്ച് ഞങ്ങളുടെ ബ്ലോക്കിലെ ഡയറി ഓഫീസറെ പരിചയപ്പെടാൻ സാധിച്ചു. ഡയറി ഓഫീസർ ഇല്ലത്തു വരികയും ഈ ചെറിയ സംരംഭം നേരിൽ കണ്ട് ഞങ്ങളെ അഭിനന്ദിക്കുകയും ചെയ്തു. തുടർന്ന് ഗോശ്രീ ഡയറി ഫാമിനെ ഡയറിയുടെ 5 പശുവിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ആ പദ്ധതി വഴി ഞങ്ങൾക്ക് 5 പശുവിനെക്കൂടി വാങ്ങാൻ സാധിച്ചു. കൂടാതെ തൊഴുത്ത് വിപുലപ്പെടുത്താനുമുള്ള ധനസഹായം ലഭിക്കുകയും ചെയ്തു. അങ്ങനെ ഞങ്ങളുടെ ഫാമിലെ അംഗസംഖ്യ പശുക്കളും കിടാങ്ങളും ഉൾപ്പടെ 12 ആയി ഉയർന്നു. ഫാമിലെ പാൽ ഉൽപാദനം വർദ്ധിക്കുകയും ഗുണമേൻമയുള്ള പാൽ കൊടുക്കുന്നതിനാൽ ആവശ്യക്കാരുടെ എണ്ണം വർദ്ധിക്കുകയും അതുവഴി വരുമാനം വർദ്ധിക്കുകയും ചെയ്തു.

ക്ഷീരവികസന വകുപ്പിൽ നിന്നും മൃഗസംരക്ഷണ വകുപ്പിൽ നിന്നും കിട്ടുന്ന നിർല്ലോഭമായ സഹായ സഹകരണങ്ങളും കൂടാതെ സ്ഥിരം ഉപഭോക്താക്കളുടെ പിൻതുണയും ഞങ്ങളെ പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലേക്ക് കടക്കുന്നതിന് പ്രോത്സാഹജനകമായി. ഇപ്പോൾ ഫാമിൽ ഉൽപാദിപ്പിക്കുന്ന പാലിന്റെ നല്ലൊരു ശതമാനം, പാൽ ഉൽപ്പന്നങ്ങളായ തൈര്, വെണ്ണ, നെയ്യ് എന്നിവയുടെ നിർമ്മാണത്തിന് വേണ്ടി വിനിയോഗിക്കുന്നു. ചേർത്തല ടൗണിലേയും പ്രാന്തപ്രദേശങ്ങളിലേയും ഹോട്ടൽ, കാറ്ററിംഗ് സർവ്വീസുകാരും ഇന്ന് ഞങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഉപഭോക്താക്കളാണ്. ഞങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനമുദ്രാവാക്യം 'കൂട്ടിചേർക്കലുകൾ ഇല്ലാത്തതും നീക്കം ചെയ്യൽ ഇല്ലാത്തതുമായ ശുദ്ധമായ ഉൽപ്പന്നങ്ങൾ' എന്നാണ്. ഫാമിലേക്ക് ആവശ്യമായ തീറ്റപ്പുൽ ഞങ്ങൾ തന്നെ സ്വന്തമായി ഉൽപാദിപ്പിക്കുന്നു. സ്വന്തമായ ഒന്നര ഏക്കർ സ്ഥലത്തും പാട്ടത്തിന് എടുത്ത 5 ഏക്കർ സ്ഥലത്തും കെ.എൽ.ഡി. ബോർഡിന്റെ സഹായത്തോടെ തീറ്റപുൽ കൃഷി ചെയ്യുന്നു. ഫാമിൽ നിന്നും കിട്ടുന്ന ചാണകം, സ്ലറി എന്നിവയാണ് തീറ്റപ്പുൽ കൃഷിക്ക് പ്രധാനമായും വളമായി ഉപയോഗിക്കുന്നത്. കൂടാതെ മണ്ണിര കമ്പോസ്റ്റ്, അസോള കൃഷി എന്നിവ കൂടി ഇതോടൊപ്പം ചെയ്യുന്നുണ്ട്

എല്ലാവരും പറയുന്നതുപോലെ പശു വളർത്തൽ നഷ്ടമാണ് എന്ന് തോന്നിയിട്ടില്ല. കാരണം, പാലും പാൽ ഉൽപ്പന്നങ്ങളും കൂടാതെ ചാണകം, ഉണക്കി പൊടിച്ചത്, ഗോമൂത്രം, ബയോഗ്യാസ് സ്ലറി എന്നിവയ്ക്കും ഞങ്ങൾ വിപണി കണ്ടെത്തി വിപണനം നടത്തുന്നതുകൊണ്ട് അതിൽ നിന്നും വരുമാനം കിട്ടുന്നു. ജൈവ രീതിയിൽ പച്ചക്കറി കൃഷി കൂടി ഇതോടൊപ്പം ചെയ്യുന്നതിനാൽ വീട്ടിലേക്ക് ആവശ്യമായ വിഷരഹിത പച്ചക്കറി ഉൽപാദിപ്പിക്കാൻ കഴിയുന്നുണ്ട് വീട്ടിലെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ളവ സ്ഥിരമായി പാൽ വാങ്ങാൻ വരുന്നവർക്ക് വിൽക്കാൻ സാധിക്കുന്നത് വഴിയും വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നു.

**നേട്ടങ്ങൾ**

ഗോശ്രീ ഡയറിഫാം എന്ന സംരംഭം അഞ്ചാം വർഷത്തിലേത്ത് കടക്കുമ്പോൾ വളരെ അധികം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

2017 ൽ സംസ്ഥാനത്തെ 5 പശുക്കളുടെ യൂണിറ്റ് വിഭാഗത്തിൽ മികച്ച ക്ഷീരകർഷക അവാർഡും ചേർത്തല നഗരസഭയുടെ മികച്ച ക്ഷീരകർഷകയ്ക്കുള്ള ആദരവും ലഭിച്ചു. 2018 ൽ ഗാന്ധി സ്മാരക അവാർഡും 2019 ൽ കേരള സർക്കാരിന്റെ വനിതാ വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ മികച്ച സംരംഭകയ്ക്കുള്ള "നവാംഗന 2019" അവാർഡും ലഭിച്ചു.

**പ്രതിബന്ധങ്ങളും പരിഹാരങ്ങളും**

ആദ്യമൊക്കെ ഈ സംരഭത്തിന് വളരെയധികം നിരുത്സാഹപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട് 'ഇത് നടത്തിയവരൊക്കെ ഇത് പാതി വഴിയിൽ നിർത്തിപോയി. ഇത്രയും പഠിച്ചിട്ട് ഇനി പശുവിനെ വളർത്തേണ്ട ആവശ്യമെന്ത്' എന്നൊക്കെ പലരും ചോദിച്ചിട്ടുണ്ട് മാനസികമായി ഇത്തരം നെഗറ്റീവ് ചിന്താഗതികളെ തരണം ചെയ്യാനുള്ള മനസ്സുറപ്പാണ് ഒരു സംരംഭകയ്ക്ക് വേ ആദ്യഗുണം എന്നെനിക്ക് തോന്നുന്നു.

പിന്നെ നേരിടേണ്ടി വന്നിട്ടുള്ള ബുദ്ധിമുട്ടുകളിൽ ഒന്ന് നല്ല കറവക്കാരുടെ ലഭ്യതയാണ്. കറവ യന്ത്രം ഉപയോഗിക്കാൻ തുടങ്ങുക വഴി ഒരു പരിധി വരെ ആ ഒരു ബുദ്ധിമുട്ടിന് പരിഹാരം കാണാൻ കഴിഞ്ഞു. പാലിന് സർക്കാരിൽ നിന്ന് മതിയായ വില കിട്ടുന്നില്ല എന്നതും അടിക്കടി ഉണ്ടാകുന്ന കാലിത്തീറ്റയുടെ വിലവർദ്ധനവും പ്രശ്നങ്ങൾ തന്നെ.

35 പശുക്കളുള്ള ഗോശ്രീ ഡയറി ഫാം ഇന്ന് ചേർത്തലയിലെ അറിയപ്പെടുന്ന ഒരു ഫാമായി മാറ്റിയെടുക്കാൻ സാധിച്ചത് ഞങ്ങളുടെയും ആത്മാർത്ഥതയുള്ള ജീവനക്കാരുടെയും പ്രവർത്തനവും നല്ലവരായ ഉപഭോക്താക്കളുടെ സഹകരണവും ഒന്നുകൊണ്ട് മാത്രമാണ്. ഏതൊരു സരംഭവും വിജയിപ്പിക്കണമെങ്കിൽ അധ്വാനിക്കാനുള്ള മനസ്സും സ്ഥിരോത്സാഹവും കൂടിയേ തീരൂ. കൂട്ടായ പ്രവർത്തനവും കലർപ്പില്ലാത്ത ഉല്പന്ന വിപണനവുമാണ് ഈ സംരംഭത്തിന്റെ വിജയ മന്ത്രം. നിലവിലുള്ള ഫാമിനെ ഹൈടെക് ഫാമായി ഉയർത്തി ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണിയിൽ എത്തിക്കുക എന്നതാണ് ഭാവിയിലെ പ്രധാന ലക്ഷ്യം.

വ്യക്തമായ ലക്ഷ്യവും കഠിനാധ്വാനത്തിനുള്ള മനസ്സും പക്വമായ ഒരു പദ്ധതിയും വിദഗ്ധമായ ആസൂത്രണവും സർവ്വോപരി ഈശ്വരാനുഗ്രഹവുമാണ് ഏതൊരു സ്ഥാപനത്തിന്റേയും വളർച്ചയ്ക്ക് അടിസ്ഥാനം എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.





വേണു, ഗുരുവായൂർ ശാഖ

# തോളിൽ മാറാപ്പു കേറ്റിയവർ

ഒരു കാലത്ത് സമ്പത്തുകൊണ്ടും ആഡംബരപൂർണ്ണമായ ജീവിതം കൊണ്ടും അധികാരപ്രൗഢികൊണ്ടും സമ്പന്നരായവർ പിന്നീട് അതിജീവനത്തിനു വേണ്ടി, ഭക്ഷണ സമ്പാദനത്തിനു വേണ്ടി നെട്ടോട്ടമോടുന്നവരായി തീർന്നത് കാണുന്നവർക്ക് കൗതുകമാണെങ്കിലും, അവരെ സംബന്ധിച്ച് ഏറ്റവും പരിതാപകരമായിരുന്നു എന്നു പറയാം. സാധാരണ ജീവിതം നയിച്ചവർക്ക് പട്ടിണി മാറ്റുന്നതിന് മണ്ണിലേക്ക് ഇറങ്ങുന്നതിന് സമൂഹത്തിന്റെ മുന്നിൽ മടിക്കേണ്ടതില്ല. എന്നാൽ രാജപ്രഭുക്കന്മാരായവരും കുടുംബവും ഒരു സുപ്രഭാതത്തിൽ തങ്ങളുടെ സമ്പാദ്യം വിട്ടൊഴിഞ്ഞ്, കിട്ടേണ്ടതും വാഗ്ദാനം ചെയ്തതുമായ നഷ്ടപരിഹാരം ലഭ്യമാകാതെ, രാഷ്ട്രീയയജമാനൻമാരുടെ ചൂഷകരെന്ന പഴികേട്ട് അപമാനഭാരത്താൽ സ്വന്തം ജീവിതവൃത്തി കഴിക്കുവാൻ കഷ്ടപ്പെടേണ്ടി വരുന്നത് അവരെ സംബന്ധിച്ച് വലിയൊരു ജീവിതവീഴ്ചതന്നെയെന്ന് പറയാതെ വയ്യ. അത്തരത്തിലുള്ള ചിലരുടെ നിലവിലെ അവസ്ഥ ഈ സാഹചര്യത്തിൽ വിലയിരുത്തുന്നതിന് ആഗ്രഹിക്കുന്നു. അവരിൽ ചിലർ അധികാരത്തിൻറെ ഇടനാഴികളിൽ ശക്തമായ രാഷ്ട്രീയ സ്വാധീനമുള്ളവരാണ്. എന്നാൽ ചിലർ സ്വന്തം സമ്പാദ്യത്തിൽ വിട്ടൊഴിഞ്ഞതിൽ ശരീരത്തിൽ ബാക്കി വെച്ച ആഭരണങ്ങളും വ്യക്ത്യുപയോഗത്തിനായി മാറ്റി വെച്ച വാഹനങ്ങളും മറ്റ് ആസ്തികളും വിറ്റ് കഴിഞ്ഞു കൂടി. വേറെ ചിലർ ആർഭാടജീവിതം തുടരുന്നതിന് കിട്ടാവുന്നിടത്തോളം കടം വാങ്ങി മുടിഞ്ഞു. അറിയാത്തവർ അനവധിയുണ്ടാകും. അറിയുന്ന ചിലരെ കുറിച്ച്

1. **ഹൈദ്രാബാദിലെ നിസാം.** 20 ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ 100 മില്ല്യൺ പൗണ്ട് വരുന്ന സ്വർണ്ണവും വെള്ളിയും ആഭരണമായുണ്ടായ നിസാം 200 മില്ല്യൺ ഡോളർ വരുന്ന 185 കാരററ് വജ്രം കൊണ്ടുള്ള പേപ്പർ വെയ്റ്റ് ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്ന നിസാം. 86 ഭാര്യമാരും നൂറോളം കുട്ടികളും ഉൾപ്പെടെ 400 ഓളം അനന്തരാവകാശികളുള്ള നിസാമിന്റെ സമ്പാദ്യം സർക്കാരിന് വിട്ടു കൊടുത്തതിനു ശേഷമുള്ളത് പങ്കുവെച്ചു വന്നപ്പോൾ തുച്ഛമായ വിഹിതമാണ് ഓരോരുത്തർക്കു ലഭിച്ചത്. വാഗ്ദാനം ചെയ്യപ്പെട്ട പ്രിവിപേഴ്സ് കൂടി കിട്ടാതായപ്പോൾ അവരുടെ അവസ്ഥ തികച്ചും പരിതാപകരമായിരുന്നു. അതിൽ ഏറ്റവും ദുരന്ത പൂർണമായ ജീവിതമായിരുന്നു അവസാനനാളുകളിൽ കടുത്ത പ്രമേഹ ബാധിതനായും ദുർചെലവുള്ള ഭാര്യമാരുടേ ഉപദ്രവത്താലും വളരെ കഷ്ടപൂർണമായ ജീവിതമായിരുന്നു ഉസ്മാൻ അലി ഖാൻ എന്ന നിസാമിന്റെ അവകാശിയുടെ അന്ത്യനാളുകളിൽ.

2.**ഒറീസ ടൈഗിരിയ പ്രവിശ്യയിലെ രാജാവ്** ജീവിതവൃത്തിക്കു വേണ്ടി എല്ലാ ആഢംബരങ്ങളും രാജകൊട്ടാരവും വിറ്റു. ഒരു കാലത്ത് സമ്പന്നനായിരുന്ന രാജവംശത്തിലെ ബ്രിജ്‌രാജ് ക്ഷത്രിയചാമുപതി സിംഗ്, ഇന്ന് പാപ്പരാണ്. ഒഡീഷയിലെ അവസാന രാജാവിന്റെ ഇന്നത്തെ അവകാശിയാണ്.

ഒഡീഷയിലെ രാജാവ് വേട്ടക്കാരനെന്ന നിലയ്ക്ക് പ്രസിദ്ധനായിരുന്നു. 13 കടുവകളും 28 പുലികളും അദ്ദേഹത്തിന്റെ വേട്ടക്കിരയായിട്ടുണ്ട്. 25 വേലക്കാരും 30 ലക്ഷ്വറി കാറുകളും സ്വന്തമായിരുന്ന രാജാവായിരുന്നു അദ്ദേഹം. എന്നാൽ ഇന്ത്യ സ്വതന്ത്രയായപ്പോൾ അദ്ദേഹത്തിന്റെ ഭാഗ്യം നഷ്ടമായി. വർഷത്തിൽ 130 പൗണ്ട് പ്രിവിപേഴ്സ് നഷ്ടപരിഹാരമായി കൈപറ്റുന്നതിന് നിർബന്ധിതനായി. 900 പൗണ്ടിന് സ്വന്തം പാലസ് കെട്ടിടം വിൽക്കുകയും ഭാര്യയുമായി പിരിയുകയും ചെയ്തു. 1975 ൽ ഉണ്ടായിരുന്ന പ്രിവിപേഴ്സുകൂടി നിർത്തലാക്കിയതോടെ എല്ലാം നഷ്ടപ്പെട്ട അവസ്ഥയിലുമായി. നാട്ടുക്കാരുടെ കാരുണ്യത്താൽ ഭക്ഷണവും ഉറങ്ങുന്നതിന് ഒരു ഒറ്റമുറി മൺകുടിലും. അദ്ദേഹത്തിൻറെ വാക്കുകളിൽ " അന്ന് ഞാൻ രാജാവായിരുന്നു, ഇന്ന് പാപ്പരും, എന്നാലും ഞാൻ സന്തോഷവാനാണ്, ദു:ഖമില്ല." അതെ അദ്ദേഹം സന്തോഷവാനാണ്.

3. **സുൽത്താന ബീഗം** അവസാന മുഗൾ രാജാവായിരുന്ന ബഹദൂർഷാ സഫറിന്റെ മൂന്നാം തലമുറയിലെ മിർസാ ബേദർ ബക്തിന്റെ ഭാര്യ. 1980 ൽ ഭർത്താവ് മരിച്ചതോടു കൂടി ദാരിദ്ര്യത്തിൽ കൽക്കത്തയിലെ ഒരു ചേരിയിൽ ചെറിയ 2 മുറികളുള്ള കുടിലിൽ 6 മക്കളോടു കൂടി കഴിയുന്നു. രാജ്ഞിയായി കഴിയേണ്ടിയിരുന്ന അവർ അയൽക്കാരുടെ അടുക്കള ഉപയോഗിക്കേണ്ടി വരികയും വെള്ളത്തിനായി പൊതുടാപ്പിനെ ആശ്രയിച്ചും കഴിയുന്നു. സർക്കാരിന്റെ ചെറിയ പെൻഷൻ സഹായത്തോടെ 1 മകനും 5 പെൺമക്കളുമടങ്ങുന്ന കുടുംബം പോറ്റുന്നു. ബഹദൂർഷായുടെ 6-ാമത്തെ തലമുറയിൽപെട്ട സിയാവുദ്ദീൻ റ്റൂസി എന്നവർ സർക്കാർ നൽകുന്ന ക്ഷേമ പെൻഷൻ വാങ്ങിയാണ് ദുരിതപൂർണമായ ജീവിതം നയിക്കുന്നത്. സർക്കാർ ഒരു കാലത്ത് നൽകിയിരുന്ന 100 രൂപ സ്കോളർഷിപ്പ് പുനസ്ഥാപിക്കുമെന്നും മുഗളന്മാരുടെ സ്വത്തുക്കൾ അവരുടെ അനന്തരാവകാശികൾക്ക് വീതിച്ചു നൽകുമെന്ന് നഷ്ടസ്വപ്നങ്ങളിൽ വിശ്വസിച്ചുകൊണ്ട് അദ്ദേഹം ജീവിതം തള്ളി നീക്കുന്നു.

4. **ഗ്വാളിയോറിലെ സിന്ധ്യമാർ** ഖജനാവ് പരിപാലിക്കുന്നതിൽ ഒരു കാലത്ത് വളരെ ശ്രദ്ധാലുവായിരുന്ന രാജാക്കന്മാർ. തോമറുകൾ പണിത ഗ്വാളിയോർ കോട്ട പിന്നീട് വന്ന മുഗളന്മാർ ജയിലുകളാക്കി. അതെ കോട്ട സിന്ധ്യമാർ ആയുധപ്പുരകളും ഖജനാവുമാക്കി. ഗംഗാജലി എന്ന പേരിൽ അറിയപ്പെടുന്ന സിന്ധ്യമാർ സ്വരൂപിച്ചിരുന്ന സമ്പത്ത് അവിടെയായിരുന്നു സൂക്ഷിച്ചിരുന്നത്. ജിയാജിറാവു സിന്ധ്യയ്ക്കായിരുന്നു അവസാനം ആ ഖജനാവിന്റെ സൂക്ഷിപ്പ്. എന്നാൽ ഖജനാവ് തുറക്കുന്നതിനാവശ്യമായ സെക്യൂരിറ്റി കോഡ് തന്റെ മകനായ മാധവറാവു സിന്ധ്യക്ക് കൈമാറുന്നതിന് മുമ്പ് അദ്ദേഹം മരണപ്പെടുകയാണുണ്ടായത്. അദ്ദേഹത്തിന്റെ മരണശേഷം ആ കുടുംബം വളരെ ദുരന്തപൂർണമായ അവസ്ഥയിൽ തുടർന്നു.



ശോകജരമരണാദികൾ നീക്കുവാ
നാകയാൽ ദേഹാഭിമാനം കളക നീ

പിന്നീട് മകൻ തന്റെ കഴിവുകൊണ്ട് സമ്പത്ത് വീണ്ടെടുക്കുകയും പല കമ്പനികളിലും നിക്ഷേപകനുമാവുകയും ചെയ്തു. തങ്ങളുടെ കഴിവുകൊണ്ട് രാഷ്ട്രീയ ലോകത്തും ബിസിനസ് ലോകത്തും വെന്നിക്കൊടി പാറിക്കാൻ കഴിഞ്ഞ ഒരു രാജകുടുംബമാണ് സിന്ധ്യമാരുടേതെന്ന് പറയാം

5. തിരുവിതാംകൂർ **ഉത്രാടം തിരുനാൾ മഹാരാജാവ്** 1750 വരെ രാജകുടുംബം വളരെ സമ്പന്നമായിരുന്നു. എന്നാൽ പത്മനാഭസ്വാമി ഭക്തനായ മഹാരാജാവ് തന്റെ എല്ലാ സമ്പത്തും 1750 ൽ ശ്രീ പത്മനാഭന് സമർപ്പിച്ച് ശ്രീ.പത്മനാഭദാസനായി തീർന്നു. പത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്തുക്കൾ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിന് ചില ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. എന്നാൽ തങ്ങളുടെ കുടുംബത്തിനും സർക്കാരിനുമല്ല അതിന്റെ അവകാശമെന്നും ശ്രീ.പത്മനാഭസ്വാമിക്കു മാത്രമാണ് അവകാശമെന്നുമാണ് രാജകുടുംബത്തിന്റെ നിലപാട്.

**6. ടിപ്പു സുൽത്താന്റെ അനന്തരാവകാശികൾ**

ടിപ്പുസുൽത്താന്റെ 12 മക്കളിൽ 7 പേർക്കും ആൺമക്കളില്ലായെന്നും 5 പേർക്ക് ആൺ അവകാശികളുള്ളതായും അറിയപ്പെടുന്നു. റിക്ഷ വലിച്ചും ചെറിയ ബിസിനസ്സുകൾ ചെയ്തു മൈസൂർ കടുവയുടെ പിൻതലമുറ ജീവിതം തള്ളിനീക്കുന്നു.

7. **ഔദിലെ രാജകുടുംബം** ഒരു കാലത്ത് മധ്യഭാരതത്തിലെ വലിയൊരു ഭൂവിഭാഗം ഭരിച്ചിരുന്നതായ രാജവംശം. സക്കീന, റൗസ് എന്ന രാജമാതാക്കളാണ് ഇന്നത്തെ തലമുറയിൽ ജീവിച്ചിരിപ്പുള്ളത്. തുഗ്ലക്ക് രാജാക്കന്മാരുടെ കാലത്ത് തടവുക്കാരെ പാർപ്പിച്ചിരുന്ന മൾച്ചാമഹൽ എന്നറിയപ്പെടുന്ന പഴയ കെട്ടിടത്തിലാണ് അവരുടെ താമസം. ആ കെട്ടിടം അവരുടെ പേരിലാക്കി ലഭിക്കാൻ സർക്കാരുമായി 9 വർഷത്തോളം നിയമപോരാട്ടം നടത്തേണ്ടി വരികയും കെട്ടിടത്തോടൊപ്പം 500 രൂപ മാസ പെൻഷൻ ലഭിക്കുകയും ചെയ്തു. പഴയ രാജവംശത്തിന്റെ പ്രൗഢിയുടെ ഓർമ്മകളുമായി അവർ ജീവിതം തള്ളിനീക്കുന്നു. ഭൂപരിഷ്ക്കരണത്തോടെ കേരളത്തിൽ പല ബ്രാഹ്മണ കുടുംബങ്ങളും ജന്മികളും അഭിമാനത്താൽ ജോലികളൊന്നും ചെയ്യാനാവാതെ സമ്പത്തു നശിച്ചു കടം കേറി പരിതാപകരമായ അവസ്ഥയിലായി തീർന്നതുപോലെ തന്നെയാണ് ഇവരുടെ ജീവിതത്തേയും കാണേണ്ടത്. ജനസംഖ്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ നാടുവാണിരുന്ന ഇവർ ന്യൂനപക്ഷരിൽ ന്യൂനപക്ഷരായതിനാലും ജനാധിപത്യലോകത്തിൽ അവർക്ക് ഒട്ടും തന്നെ സ്ഥാനമില്ലാതിരുന്നതിനാലും അവരുടെ ശബ്ദം വേണ്ടത്ര കേട്ടില്ലെന്ന് മാത്രം. ഇന്നത്തെ തലമുറക്ക് പ്രിവിപേഴ്സ് ഒരു കേട്ടുകേൾവി പോലുമാവില്ല. പ്രിവിപേഴ്സ് പുനസ്ഥാപിക്കുന്നതിനായി അന്ന് അവരിൽ ചിലർ കോടതിയിൽ കേസുമായി പോയെങ്കിലും അവരുടെ അവകാശത്തിനു വേണ്ടത്ര നിയമപരമായ പിന്തുണ ലഭിച്ചില്ലെന്നു മാത്രമല്ല ചൂഷകരെന്ന ചിലരുടെ രാഷ്ട്രീയ പരിഹാസത്തിനു പാത്രമാവുകയുമാണുണ്ടായത്. സർദാർ വല്ലഭായ് പട്ടേലിനെ ഓർക്കുമ്പോൾ ഇന്നത്തെ തലമുറ പട്ടേലിന്റെ പ്രതിമയുടെ രാഷ്ട്രീയത്തെ മാത്രമാണ് ഓർക്കുക. അദ്ദേഹത്തിന്റെ വാഗ്ദാനത്തെ തിരസ്കരിച്ച രാഷ്ട്രീയസമൂഹത്തെ എന്നും ലജ്ജയോടെ മാത്രമെ വാക്കുകളുടെ പരിശുദ്ധി കാത്തു സൂക്ഷിക്കുന്ന ഭാരതത്തിന് യഥാർത്ഥത്തിൽ കാണാനാവൂ എന്ന് ലേഖകന് തോന്നുന്നു.

(അവസാനിച്ചു.)

# വിദ്യാലയാരാമത്തിലെ പുഞ്ചിരിപ്പൂക്കളോട്

**കെ. ശ്രീവിദ്യാ ശർമ്മ,**
കുടയ്ക്കാട്ടില്ലം, തകഴി

മേടവിഷുക്കണിയും മാമ്പഴക്കാലവും വൈശാഖോത്സവും കഴിഞ്ഞു. പുതിയ വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭമായി. കുരുന്നുകൾക്ക് പ്രവേശനോത്സവവും, പ്ലസ് ടു കഴിഞ്ഞവർ ജീവിത ലക്ഷ്യത്തിന്റെ നടപ്പാതയിലും.

സരസ്വതീദേവിയുടെ സാരസ്വതാമൃതം കുഞ്ഞുങ്ങളിലേയ്ക്ക് എത്തുന്നു. അദ്ധ്യാപകരുടെ അനുഗ്രഹം അറിവായി കുഞ്ഞുങ്ങളിലേയ്ക്കും. അജ്ഞാനത്തിന്റെ പുകമറനീക്കി ജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക് നീങ്ങുന്ന ആ കുരുന്നുകളുടെയുള്ളിൽ അറിവാകുന്ന അഗ്നി ജ്വലിയ്ക്കട്ടെ. അവർ പുഞ്ചിരി തൂകട്ടെ.

ഈ അദ്ധ്യയന വർഷം കൂടുതൽ മാർക്ക് നേടുന്നതോടൊപ്പം രക്ഷകർത്താക്കളെയും മുതിർന്നവരെയും ബഹുമാനിയ്ക്കണം. നമ്മുടെ പൈതൃകത്തിൽ, നമ്മുടെ സംസ്കാരത്തിൽ നിന്നുകൊണ്ട്, സാഹോദര്യവും, സഹവർത്തിത്വവും ഊട്ടിയുറപ്പിയ്ക്കാം. വിദ്യാലയത്തിരുമുറ്റത്ത് പാറിപ്പറക്കുന്ന പൂമ്പാറ്റകളെ .... അറിവിനാൽ സ്വസ്ഥമാകട്ടെ, ശാന്തമാകട്ടെ നിങ്ങളുടെ മനസ്സ്. പ്രകൃതി സംരക്ഷണവും, പരിസര ശുചിത്വവും ശീലിയ്ക്കുക.

നമ്മുടെ സമുദായത്തിലെ കുട്ടികളോട് ... പൂണൂലിന്റെ ബലം നിങ്ങളെ ശക്തരാക്കട്ടെ. പഠനത്തോടൊപ്പം നിത്യകർമവും തുടരുക. ബുദ്ധിവികാസവും ഏകാഗ്രതയും വർദ്ധിയ്ക്കും. ജീവിതത്തിന്റെ ഉയരങ്ങളിലേക്ക് പറക്കാൻ അത് നിങ്ങളെ ഏറെ സഹായിയ്ക്കും.
ഈ അവസരത്തിൽ ശ്രീ. രവീന്ദ്രനാഥ ടാഗോറിന്റെ വരികൾ ഓർക്കുന്നു...

**എങ്ങു മാനസമൊക്കെയും നിർഭയം എങ്ങു ശീർഷങ്ങൾ മാനസമുന്നതം....**

ജീവിതത്തിലെ പ്രതിസന്ധികളിൽ തളരാതിരിയ്ക്കുക. എങ്ങിനെ നല്ല പൗരന്മാരായി ജീവിയ്ക്കണമെന്ന് വിദ്യാഭ്യാസത്തിലൂടെ നിങ്ങൾ അറിയണം. എല്ലാവർക്കും നല്ലയൊരു അദ്ധ്യയനവർഷം ആശംസിയ്ക്കുന്നു. സ്വാർത്ഥതകളില്ലാത്ത, സ്വച്ഛസുന്ദരമായ സൗഹൃദാന്തരീക്ഷം ഈ പഠനകാലത്ത് നിങ്ങളുടെ ജീവിതത്തിന് നിറം പകരട്ടെ.


*(അദ്ധ്യാപികയാണ് ലേഖിക.)*



## വേളി

## പവിത്ര & വിജീത്

കൊരട്ടി ശാഖ കുഴൂർ മുല്ലപ്പിള്ളി ഇല്ല ത്ത് അപ്പുക്കുട്ടൻ ഇളയതിന്റേയും ശൈലജ അപ്പുക്കുട്ടന്റെയും മകൾ പ വിത്രയും നന്തിക്കര തൈക്കാട്ടില്ലത്ത് വിജയൻ ഇളയതിന്റെയും രാജേശ്വരി അന്തർജ്ജനത്തിന്റെയും മകൻ വി ജീതും തമ്മിലുള്ള വേളി 2019 ഏപ്രിൽ 28 ഞായറാഴ്ച വധൂഗൃഹത്തിൽ വച്ച് നടന്നു.



## വേളി

## സുപർണ്ണ & ചഞ്ചൽകൃഷ്ണൻ

കോട്ടയം ഈരാറ്റുപേട്ട വെള്ളൂ രില്ലത്ത് ഹരിഹരശർമ്മയുടെയും ശ്യാമള ക്കുട്ടി അന്തർജ്ജനത്തിന്റെയും പുത്രി സു പർണ്ണയും(രാധിക) പാലക്കാട് കോങ്ങാട് കാഞ്ഞിരക്കാട്ടില്ലത്ത് കൃഷ്ണൻ നമ്പൂതി രിയുടെയും മായദേവിയുടെയും പുത്രൻ ചഞ്ചൽകൃഷ്ണനും 2019 ഏപ്രിൽ 19 ന് കോങ്ങാട് ശ്രീപാർവതി മണ്ഡപത്തിൽ വച്ച് വിവാഹിതരായി



## വേളി

## ശ്രീഹരി & ശ്രീകല

കോട്ടയം കുറവിലങ്ങാട് കളപ്പാവിൽ ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും ദേവകി അന്തർജ്ജനത്തിന്റെയും പുത്രി ശ്രീകലയും തിരുവനന്തപുരം കൊല്ലൂർ അത്തിയറ മഠത്തിൽ നാരായണരുവി ന്റെയും ഉഷാദേവി അന്തർജ്ജനത്തി ന്റെയും പുത്രൻ ശ്രീഹരിയും 2019 മെയ് 1ന് കുറവിലങ്ങാട് കാട്ടാമ്പാക്ക് കിഴക്കും ഭാഗം മുടക്കാലി ഭഗവതി ക്ഷേത്രത്തിൽ വച്ച് വിവാഹിതരായി



**35-ാം വിവാഹവാർഷികം**

**വാസുദേവൻ നമ്പൂതിരി & വത്സല**

പുതുമന ഇല്ലം, ചേർത്തല ആലപ്പുഴ




കോട്ടയം ആണ്ടൂർ കല്ലാർവേലി ഇല്ലത്ത് ജയകൃഷ്ണൻ-ധന്യ ദമ്പതികളുടെ പുത്രന്മാരായ **പാർത്ഥിവ് കൃഷ്ണ, പ്രണവ് കൃഷ്ണ** എന്നിവരുടെ ഉപനയനം 16-05-2019ന് ഇല്ലത്തുവച്ച് നടന്നു.



**50-ാം വിവാഹവാർഷികം**

**നാരായണൻ നമ്പൂതിരി & ഉഷാദേവി**

പാണാട്ടില്ലം, കുറിച്ചിത്താനം, കോട്ടയം




കഴക്കൂട്ടം പനമ്പാപ്പിള്ളി ഇല്ലത്ത് അനൂപ്-ശ്രീലക്ഷ്മി ദമ്പതികളുടെ പുത്രൻ **ഗൗതം അനൂപിന്റെ** ഉപനയനം 19-05-2019 ൽ വെൺപാലവട്ടം ഭഗവതീക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.



**42-ാം വിവാഹവാർഷികം**

**ഉണ്ണിക്കൃഷ്ണൻ ഇളയത് & വസന്തകുമാരി അന്തർജ്ജനം**

തിരുത്തിപ്പിള്ളി ഇല്ലം, ചെറുതുരുത്തി, തൃശ്ശൂർ




പട്ടാമ്പി മുല്ലപ്പിള്ളി ഇല്ലത്ത് സത്യനാരായണൻ-മഞ്ജു ദമ്പതികളുടെ പുത്രൻ **അഭിരാമിന്റെ** ഉപനയനം 2019 ഏപ്രിൽ 17-ാം തീയതി ഗുരുവായൂർ ടി.ടി.ഡി കല്യാണ മണ്ഡപത്തിൽ വെച്ച് നടന്നു

# എറണാകുളം ശാഖാ വാർഷികം






















# കോട്ടയം ജില്ലാ സമ്മേളനം



























മലയാള ബ്രാഹ്മണ സമാജം
ജില്ലാ സമ്മേളനവും
കുടുംബ സംഗമവും

# തൃശ്ശൂർ ജില്ലാ കൗൺസിൽ











2019 പുതുവർഷാരംഭത്തിൽ മലയാള ബ്രാഹ്മണ സമാജം തൃശൂർ ജില്ലാ കൗൺസിൽ യോഗത്തിൽ കേന്ദ്ര നേതാക്കൾക്ക് സ്വീകരണം നൽകി. ദേശീയ പുരസ്കാര ജേതാവ് പ്രൊഫ. പി.സി. മുരളീമാധവനേയും , ആചാര്യോത്തംസ ജേതാവ് റ്റി.വി.നാരായണശർമ്മയേയും ആദരിച്ചു. ജില്ലാ സെക്രട്ടറി കെ.എസ്. സുരേഷ് കുമാർ, ജില്ലാ പ്രസിഡണ്ട് രഘുനാഥ് കുമാർ കുറ്റിക്കാട്ട് , സുന്ദരേശൻ ചെമ്പുകാട് , ജയകുമാർ പറപ്പൂക്കര, പുതുമന നാരായണൻ എന്നിവർ ജില്ലക്ക് വേണ്ടി പൊന്നാട അണിയിച്ചു.



## 40-ാമത് വിവാഹവാർഷികം

### എം. എൻ. കേശവൻ ഇളയത് & എൻ. ഗിരിജാകുമാരി

ജൂണ് 7 ന് നാൽപ്പതാം വിവാഹ വാർഷികം ആഘോഷിച്ച തൃപ്പൂണിത്തുറ മേച്ചേരിൽ ഇല്ലത്ത് (രാജ്ഭവൻ) എം. എൻ. കേശവൻ ഇളയതും സഹധർമ്മിണി എൻ. ഗിരിജാകുമാരിയും.



## ഉപനയനം
## രോഹിത്

## സപ്തതി
## തങ്കം അന്തർജ്ജനം

2019 ഏപ്രിൽ 10 ന് ഉപനയനം നടത്തിയ കൊരട്ടി ശാഖ കാരുമാത്ര തത്തമംഗലത്ത് ഇല്ലത്ത് കൃഷ്ണകുമാറിന്റെയും ബിന്ദുവിന്റെയും പുത്രൻ രോഹിതും, മെയ് 3ന് സപ്തതി ആഘോഷിച്ച നാരായണൻ ഇളയതിന്റെ സഹധർമ്മിണി തങ്കം അന്തർജ്ജനവും കുടുംബസമേതം

ആശംസകളോടെ അജിത്



2019 ഏപ്രിൽ 8ന് **74 ാം പിറന്നാൾ** ആഘോഷിച്ച വീപ്പാട്ട് ഇല്ലത്ത്
**സാവിത്രി അന്തർജനം**



### ഒന്നാം പിറന്നാൾ

പെരുമ്പാവൂർ ശാഖ, കൂവപ്പടി, വലിയമംഗലത്ത് ഇല്ലത്ത് **ശ്രീഹരി**യുടെ ഒന്നാം പിറന്നാൾ 05-05-2019ന് ആഘോഷിച്ചു



# പൂജാപഠനക്യാമ്പ്

കൂരോപ്പട ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നടന്ന പൂജാപഠനക്യാമ്പിലെ പഠിതാക്കൾ
ആചാര്യന്മാർക്കും കേന്ദ്ര-ജില്ലാഭാരവാഹികൾക്കുമൊപ്പം

## ആദരാഞ്ജലികൾ



ചെറുവള്ളി ഊരകത്തില്ലത്ത്
ദാമോദരൻ നമ്പൂതിരിയുടെ
സഹധർമിണി **മിനി**
(കണ്ണമംഗലത്തില്ലം കാഞ്ഞിരമറ്റം)
വിഷ്ണു പാദം പൂകി



വൈക്കം
തുറവല്ലൂർ ഇല്ലത്ത്
**ജി വാസുദേവൻ ഇളയത്** (92)
2019 ജൂൺ 21ന്
വിഷ്ണു പാദം പൂകി



പറവൂർ വടക്കേക്കര
പാതിരശ്ശേരി ഇല്ലത്ത്
**മനോഹരൻ ഇളയത്**
2019 മെയ് 8ന്
വിഷ്ണു പാദം പൂകി



അറക്കുളത്ത്
മഴുവഞ്ചേരി ഇല്ലത്ത്
**കൃഷ്ണൻകുട്ടി ഇളയത്**
2019 മെയ് 16ന്
വിഷ്ണു പാദം പൂകി



കോത്തല ശാഖാ ചമ്പക്കര
നാരായണമംഗലം ഇല്ലത്ത്
**ശ്രീധരൻ ഇളയത്** (71)
2019 മെയ് 23ന്
വിഷ്ണുപാദം പൂകി



പാലാ ശാഖാ
ഈരാറ്റുപേട്ട വെള്ളൂരില്ലത്ത്
**ബാലകൃഷ്ണശർമ്മ**
2019 മെയ് 29ന്
വിഷ്ണു പാദം പൂകി



2 –ാം ശ്രാദ്ധദിനം
(29 – 06 – 2019)
**അഭിലാഷ് ശർമ്മ**
കോശപ്പിള്ളി ഇല്ലം,
മീനടം, കോട്ടയം
വാക്കുകൾ ഇല്ല മൗനം മാത്രം
ചിന്തയിൽ എരിയുന്ന മൗനം



1 –ാം ശ്രാദ്ധദിനം
(15 – 05 – 2019)
കുറവിലങ്ങാട് ശാഖാ
കല്ലാർവേലി ഇല്ലത്ത്
**ശ്രീദേവി അന്തർജ്ജനം**

# "'ചിത്രപൗർണ്ണമിയിലെ മംഗളാദേവീ ദർശനം"

സന്തോഷ് എൻ, തോട്ടത്തിൽ ഇല്ലം, തിരുവനന്തപുരം

മലയാള ബ്രാഹ്മണസമാജം തിരുവനന്തപുരം ശാഖയിൽ നിന്നും ശ്രീ. ശശികുമാറിന്റെ നേതൃത്വത്തിൽ പതിനഞ്ചോളം പേർ ഇക്കുറി ആദ്യമായി വർഷത്തിൽ ഒരുദിവസം മാത്രം ദർശനമുള്ളതും ചരിത്രപരമായി വളരെ പ്രാധാന്യമുള്ളതും, ഇടുക്കിയിൽ പെരിയാർ കടുവാസങ്കേതത്തിനുള്ളിൽ ഒരു വൻമലയുടെ മുകളിൽ ഒറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതുമായ മംഗളാദേവി കണ്ണകി ക്ഷേത്രത്തിലേക്ക് ഒരു തീർത്ഥയാത്ര നടത്തി. ശകവർഷം 1941 ചൈത്രമാസം 29-ാം തീയതി (2019 ഏപ്രിൽ 19) വെള്ളിയാഴ്ചയായിരുന്നു ചിത്രപൗർണ്ണമി എന്ന ആ സുദിനം. സംസ്ഥാനങ്ങൾ തമ്മിലുള്ള അതിർത്തി പ്രദേശമായതിനാൽ ഇടക്കാലത്ത് നിരവധി തർക്കങ്ങൾ ഉണ്ടായിരുന്നെങ്കിലും, ഇപ്രാവശ്യം കേരളവും തമിഴ്നാടും സംയുക്തമായാണ്, വിപുലമായ ചടങ്ങുകളോടെ ഏകദിന ഉത്സവം നടത്തിയത്. പീരുമേട് താലൂക്കിൽപ്പെട്ട സ്ഥലമാണെങ്കിലും തമിഴ്നാട്ടിലെ തേനിക്കടുത്ത് പഴയാംകുടിയിൽ നിന്നും ഏഴ് കിലോമീറ്റർ മാറിയാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

തിരുവനന്തപുരത്ത് നിന്ന് തലേദിവസം പുറപ്പെട്ട് പണ്ട് പാണ്ഡവർ പാഞ്ചാലീസമേതം അജ്ഞാതവാസക്കാലത്ത് താമസിച്ചിരുന്നതായി പറയപ്പെടുന്ന, കുട്ടിക്കാനത്തിനടുത്തുള്ള 'പാഞ്ചാലീമേട്' സന്ദർശിച്ചതിന് ശേഷം വൈകുന്നേരത്തോടെ ഞങ്ങൾ കുമളിയിലെത്തി വിശ്രമിച്ചു. പിന്നീട് രാവിലെ 6 മണിക്ക് പ്രത്യേകം ഏർപ്പാട് ചെയ്തിരുന്ന രണ്ട് ജീപ്പുകളിലായാണ് അവിടെ നിന്നും 15 കി.മി. മലമ്പാതയിലൂടെ സഞ്ചരിച്ച് ഉയർന്ന കുന്നിൻമുകളിലുള്ള മംഗളാദേവീ ക്ഷേത്രത്തിൽ എത്തിചേർന്നത്. ഇടതിങ്ങിയ വനത്തിലൂടെയും പുൽമേടുകളിലൂടെയും ഉള്ള യാത്രയിൽ ജീപ്പുകളുടെ ഒഴുക്കുമൂലം എല്ലാവരും പൊടിയിൽ അഭിഷിക്തരായിരുന്നു. ജീപ്പിന്റെ ഇളകിയാടിയുള്ള യാത്ര കുടജാദ്രിയാത്രയെപ്പോലെ ഒരു പ്രത്യേക അനുഭൂതി തന്നെയായിരുന്നു.

സമുദ്രനിരപ്പിൽ നിന്നു ഏകദേശം 1337 മീറ്റർ (4386 അടി) മുകളിലായാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. വനമധ്യത്തിലായതുകൊണ്ടും, തർക്കത്തിലുള്ള സംസ്ഥാനാതിർത്തിയിലായതുകൊണ്ടും ആകണം ദൈനം ദിന പൂജകൾ ഇടയ്ക്കെപ്പോഴൊ നിന്നുപോവുകയും ചൈത്രമാസത്തിലെ പൗർണമിദിനം മാത്രം ഇവിടെ നടതുറന്ന് ഉത്സവം ആഘോഷിക്കുകയും ചെയ്യുന്നത്. പുനർനിർമ്മാണപ്രക്രിയകളുടെ അഭാവം കൊണ്ടും പ്രകൃതിക്ഷോഭത്താലും ഇത് കാലാന്തരത്തിൽ ക്ഷേത്രാവശിഷ്ടങ്ങളായി പരിണമിക്കുകയും ചെയ്തിരിക്കുന്നു.

ഇളങ്കോ അടികൾ രചിച്ച തമിഴ്ഗ്രന്ഥമായ 'ചിലപ്പതികാര'ത്തിൽ, കോവിലന്റെ ധർമ്മപത്നിയായിരുന്നു കണ്ണകി. തെറ്റിദ്ധാരണമൂലം മധുരയിലെ പാണ്ഡ്യരാജാവ് കോവിലനെ കൊന്നതിന്, മധുരരാജ്യം തന്റെ കോപാഗ്നിയിൽ ചുട്ടുകരിച്ചതാണ് കണ്ണകീചരിതം. മധുര ദഹിപ്പിച്ച കണ്ണകി പിന്നീട്ട് ശുരുളികുന്നിലെത്തി കോവിലനൊപ്പം പുഷ്പകവിമാനത്തിൽ സ്വർഗസ്ഥയായി എന്നാണ് കഥ. പഴയ തമിഴകം (നാല് സംസ്ഥാനങ്ങൾ ചേർന്ന ദക്ഷിണ ഭാരതം) ഭരിച്ചിരുന്ന ചേരൻ ചെങ്കുട്ടവൻ എന്ന രാജാവാണ് 'കണ്ണകി കോട്ടം' എന്ന ഈ ക്ഷേത്രം അന്ന് 'വണ്ണാത്തിപ്പാറ'യിൽ നിർമ്മിച്ചത്. ചരിത്രപരമായി പ്രാധാന്യമുള്ള ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ (കണ്ണകി) ആയിരത്തിലധികം വർഷങ്ങൾക്കുമുമ്പാണ് അദ്ദേഹം നിർവ്വഹിച്ചത് എന്ന് പറയപ്പെടുന്നു. പാണ്ഡ്യശൈലിയിലുള്ള നിർമ്മാണരീതിയാണ് ക്ഷേത്രത്തിലുള്ളത്. വലിയ പാറക്കല്ലുകൾ താഴെ നിന്ന് ഉയരെകൊണ്ട് വന്നാണ് ക്ഷേത്രം പണിതീർത്തിരിക്കുന്നത്. കല്ലുകളിൽ പലയിടത്തും ശില്പങ്ങളും, രൂപങ്ങളും, പ്രാകൃതലിപിയിലുള്ള ശാസനങ്ങളും എഴുതിക്കാണാം.

അടുത്തടുത്ത രണ്ടു ശ്രീകോവിലുകളിൽ മംഗളദേവിയുടെ തന്നെ പ്രതിഷ്ഠകളാണുള്ളത്. ആദ്യ ശ്രീകോവിലിൽ കേരളശൈലിയിലും രണ്ടാമത്തേതിൽ തമിഴ് ശൈലിയിലുള്ള പൂജകളാണ് യഥാക്രമം രണ്ടു സർക്കാരുകളുടെയും റവന്യൂവകുപ്പുകൾ നടത്തുന്നത്. നില്ക്കുന്ന കണ്ണകി വിഗ്രഹത്തിന്റെ ഇടതുകാലിൽ ഒരു ചിലമ്പും വലതു കൈയിൽ അതിന്റെ ഇണച്ചിലമ്പും ആണുള്ളത്. പ്രധാന ക്ഷേത്രത്തിന്റെ തുടക്കത്തിൽ ഗണപതിയുടെ പ്രതിഷ്ഠയും, പീന്നീട് ഇടത്തുവശത്ത് കറുപ്പുസ്വാമിയെന്ന ശിവന്റെ പ്രതിഷ്ഠയും ഉണ്ട്. തമിഴ്ശ്രീകോവിലിൽ ചാർത്തിയിരിക്കുന്ന പഞ്ചലോഹ ഗോളക സാധാരണയായി 'കമ്പ'ത്ത് സൂക്ഷിച്ച്, ഉത്സവദിനം ഇവിടെ കൊണ്ടുവന്ന് ചാർത്തുകയാണ് ചെയ്യുന്നത്. ഇവിടെയുള്ള ഒരു രഹസ്യ തുരങ്കം മധുരവരെയുണ്ടത്രേ! അടുത്തു തന്നെ ജലസമൃദ്ധിയുള്ള ഒരു കുളവും ഉണ്ട്. തന്ത്രി സൂര്യകാലടിമന സൂര്യൻ ജയസൂര്യഭട്ടതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ അനിൽകുമാർ, ബാലകൃഷ്ണൻ എന്നീ മേൽ ശാന്തിമാരാണ് ഇപ്രാവശ്യത്തെ നമ്മുടെ പൂജകൾ നടത്തിയത്. രാവിലെ 6.30 ന് ആരം





ഭിച്ച ഭക്തദർശനവും ക്ഷേത്രാചാരങ്ങളും, പൂജകളും കഴിഞ്ഞ് ഉച്ചകഴിഞ്ഞ് മൂന്ന് മണിയോടെ ക്ഷേത്ര നടകൾ അടച്ചു. ഇടുക്കി. തേനി ജില്ലാഭരണകൂടങ്ങളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ കേരളം-തമിഴ്നാട് പോലീസ്, റവന്യു, വനംവകുപ്പുകളിലെ അധികൃതർ സംയുക്തമായാണ് ഇക്കൊല്ലത്തെ ചിത്രപൗർണ്ണമി ഉത്സവം നടത്തിയത്. വിദേശങ്ങളിൽ നിന്നും സ്വദേശത്തുനിന്നും പതിനായിരക്കണക്കിന് ഭക്തരാണ് ഇക്കൊല്ലത്തെ ദർശനത്തിനെത്തിയത്. കുമളി ഗണപതി- ഭദ്രകാളിക്ഷേത്ര ഭരണസമിതി ഒരുക്കിയ അന്നദാനം കഴിച്ചശേഷം മടങ്ങിയ ഞങ്ങൾക്ക്, ഇക്കൊല്ലത്തെ ചിത്രപൗർണ്ണമിയും, കണ്ണകിയുടെ കഥയും, യാത്രാനുഭവങ്ങളും മനസ്സിന് നവ്യമായ ഒരനുഭൂതി പ്രദാനം ചെയ്തു. കാനനവാസിനിയായ മംഗളാദേവിയുടെ ദർശനത്തിന് ശേഷം തേക്കടിയും സന്ദർശിച്ച് മലയാള ബ്രാഹ്മണസമാജസംഘം രാത്രിയായപ്പോഴേക്കും തിരിച്ച് തിരുവനന്തപുരത്ത് അവരവരുടെ ഭവനങ്ങളിൽ എത്തിച്ചേർന്നു.

## മാറ്റൊലി

ബ്രഹ്മശ്രീ മൂന്നാം ലക്കത്തിൽ ഗുരുവായൂർ ശാഖയിലെ ശ്രീ വേണു എഴുതിയ ചരിത്രത്തിലെ സുപ്രധാന ഏടിലെ പിന്നീടുണ്ടായ അപചയം എന്ന അധ്യായത്തിന്റെ അവസാനം അദ്ദേഹം പറയുന്നു 'ഇപ്പോഴത്തെ മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും ആനുകൂല്യങ്ങളുടെ വിവരങ്ങൾ ലേഖനത്തിന്റെ വിസ്താരഭയത്താൽ ഒഴിവാക്കുന്നു ' എന്ന്. എന്റെ അഭിപ്രായത്തിൽ അത് ലേഖനത്തിന്റെ ഒഴിവാക്കാനാവാത്ത ഒരു ഭാഗമാണ് . വേണമെങ്കിൽ അതു മാത്രം ഒരു ലക്കമായി പ്രസിദ്ധീകരിച്ചാൽ പോലും വായനക്കാർക്ക് ഒരു മുതൽക്കൂട്ടായിരിക്കും . അറിയട്ടെ നമ്മുടെയാളുകൾ നമ്മുടെ നികുതിപ്പണം കൊണ്ട് തിന്നു കൊഴുക്കുന്ന ഈ ഇത്തിക്കണ്ണികളുടെ തനിനിറം.

തിരുമേനി കൈതാരം



മലയാള ബ്രാഹ്മണസമാജം കേന്ദ്രപ്രസിഡന്റ്
**ശ്രീ റ്റി.വി.നാരായണ ശർമ്മ**
ആചാര്യോത്തംസ പുരസ്കാരം ഏറ്റുവാങ്ങുന്നു.


കവിത

## ശംഖ്

*ഗിരിജ എൻ. നമ്പൂതിരി,*
*വടുതലായിൽ ഇല്ലം, കുടക്കച്ചിറ*

അലയെഴാത്താഴി തന്നന്തർമുഖങ്ങളിൽ
നിറയുന്ന ശംഖിൻ വിചിത്രഭാവങ്ങളിൽ
പുറമെയീയലയും ചുഴിയും തകർക്കുമീ
കടലിന്റെ രൗദ്രമാം ഭാവഹാവങ്ങളിൽ
വെറുമൊരീ ശംഖിന്റെയുള്ളിൽത്തകർക്കുമീ
ഓംകാരനാദവും ശബ്ദ ഗാംഭീര്യവും
അകമെത്ര ശാന്തം, പുറം ഭീകരം കടൽ
കനിവായി ദൈവം കൊടുത്തൊരീ ശം ഖുകൾ
അറിയുമോ മർത്ത്യ നീ സാഗരത്തേങ്ങലും
ചുടുനെടുവീർപ്പും നിറഞ്ഞൊരീ ചേതന
ഒരുവേള കോപം വരുമ്പോൾ തകർത്തടി
ച്ചലറിക്കുതിച്ചെത്തി ശാന്തമാകുമ്പൊഴും
തിരിയെ ഗമിക്കുന്നു വീണ്ടുമീ പ്രക്ഷുബ്ധ
ഹൃദയത്തിലേ കോപമൊന്നടങ്ങീടുവാൻ
കടലിന്റെയുള്ളിലെ ശംഖിലും, ശംഖിന്റെ
ഹൃദയത്തിനുള്ളിലെ കടലിലും തീർക്കുന്ന
വിവിധമാം ഭാവങ്ങളാരറിയുന്നുവോ
പ്രകൃതിതൻ വികൃതിയായ് കാണുന്നു ലോകരും.

## വേർപാട്...



മലയാള ബ്രാഹ്മണ സമാജം കൂത്താട്ടുകുളം ശാഖ സെക്രട്ടറിയും ആചാര്യനുമായിരുന്ന നെടുമ്പ ഇല്ലത്ത് എൻ.എൻ. വിജയൻ 2019 ജൂൺ 26ന് വിഷ്ണുപാദം പൂകി. സമാജാംഗങ്ങളുടെ വേദന നിറഞ്ഞ പ്രണാമങ്ങൾ...

ദേഹനാശേ മമ സാരൂപ്യവും വരു-
മൈഹികസൗഖ്യങ്ങളെന്തു ചൊല്ലേണമോ!

# സമസ്യാപൂരണങ്ങൾ

കള്ളങ്ങൾ  കാട്ടുവതിനായ് മടികാട്ടിയില്ല
ഭള്ളത്ര ചൊല്ലിയെതിരാളികളെത്തകർക്കാൻ
കള്ളും , മുറയ്ക്കു പണവും ചെലവാക്കി, യെന്നാൽ
വെള്ളത്തിൽ ഹാ ! ലിഖിതമായതുപോലെയെല്ലാം

**കെ.എൻ. ബി. ശർമ്മ , കല്ലാർവേലി ഇല്ലം , വെമ്പിള്ളി**

ലക്ഷ്യം മറന്നിതൊരു ജീവിതനൗകയിന്നീ
കുക്ഷീം ഭരിച്ചിതൊരു കാലവു മജ്ഞ യോഗ്യം
പൊള്ളത്ത്വമായിഹ ഭവിച്ചിതിനേട്ടമെല്ലാം
വെള്ളത്തിൽ ഹാ!  ലിഖിതമായതുപോലെയെല്ലാം

**രാജീവ് പി. ,പാണാട്ടില്ലം, ആലുവ**

ഉള്ളിൽത്തഴച്ചു വളരുന്നധികാരമോഹം
തള്ളിക്കരേറി യണയുന്നൊരു ചിന്തമൂലം
ഭള്ളോടെ നേടി ഭുവിയിൽ തരസ്സാപതിച്ചാൽ
വെള്ളത്തിൽ ഹാ ! ലിഖിതമായതുപോലെയെല്ലാം

**ഗിരിജ എൻ. നമ്പൂതിരി, വടുതലായിൽ ഇല്ലം, കുടക്കച്ചിറ**

ഉള്ളത്തിലില്ല ശിവനേയൊരുതുള്ളിപോലും
വെള്ളം കുണക്കെ യുരുവിട്ടു പഠിച്ചതൊന്നും
ഉള്ളൊന്നു കാളി, മണി കേട്ടു പരീക്ഷയായി
വെള്ളത്തിൽ ഹാ ! ലിഖിതമായതുപോലെയെല്ലാം

**ഹരികുമാർ പി. പാണാട്ടില്ലം, കുറിച്ചിത്താനം**

**<u>സമസ്യാകാരന്റെ പൂരണം</u>**

നിർലജ്ജനായൊരു കാരാധിപവേഷമിട്ടി
ട്ടില്ലം മുടിച്ചു, സുകൃതങ്ങളതും ക്ഷയിച്ചു.
അല്ലാർന്നവാഴ്വിഹ, വയോധികനിന്നതോർത്താൽ
വെള്ളത്തിൽ ഹാ ! ലിഖിതമായതുപോലെയെല്ലാം!

**വി. എൻ. വാസുദേവൻ ഇളയത്,**
**വാളമറ്റത്തില്ലം,  കോതമംഗലം**

**അടുത്ത സമസ്യ**

**‘വഴികാട്ടുക മാരുത ഗേഹപതേ’**

**വൃത്തം:  തോടകം**
**ലക്ഷണം : സഗണംകില നാലിഹ തോടകമാം.**
**അയച്ചുകിട്ടേണ്ട അവസാന തീയതി : ആഗസ്റ്റ് 15**
**സാധാരണ തപാലിലോ ബ്രഹ്മശ്രീയുടെ**
**ഇമെയിൽ വിലാസത്തിലോ, ചീഫ് എഡിറ്ററുടെ**
**whatsapp നമ്പറിലോ അയക്കാം.**

## മുഖചിത്രം

**രാമായണശീലുകളുമായി ഈറനുടുത്ത കർക്കടകസന്ധ്യകളുടെ വരവായി. സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ച് സിംഹാസനലബ്ധിയ്ക്കായി എന്തും ചെയ്യാൻ മടിയ്ക്കാത്ത വർത്തമാനകാല സ്ഥാനമോഹികളുടെ അല്പത്തങ്ങളെ വലിയ കാര്യമായി കൊട്ടിഘോഷിക്കാൻ മാദ്ധ്യമങ്ങൾ മത്സരിക്കുന്ന കാഴ്ചകൾ നമുക്കു ചുറ്റും ദൈനം ദിനം ആടിത്തിമിർക്കുമ്പോൾ,  രത്നഭാസുരമായ തങ്കക്കിരീടം നിസ്സാരമായി തള്ളിക്കളഞ്ഞ രാമന്റെ ത്യാഗം ആധുനിക സമൂഹത്തിന് പ്രഹേളികയാകുന്നു. ശ്രീരാമപാദങ്ങളിൽ വീണു നമസ്കരിച്ച് നമുക്കു രാമായണം വീണ്ടും കയ്യിലെടുക്കാം. ലോക നന്മയ്ക്കായി പ്രാർത്ഥിയ്ക്കാം....**

**ഫോട്ടോ :  മമത ഹരികുമാർ  | രൂപകല്പന– സെൻ**

**പദപ്രശ്നം 3 : ശരിയുത്തരം**

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1 ആ | ഭേ | 2 രി | | | | | | | |
| 3 സാ | ര | 4 മ | തി | | | 5 ഹി | | | | |
| | ഭി | ധ്യ | ഗൗ | 6 ശി | | ന്ദോ | | | | |
| 7 മാ | യാ | മാ | ള | വ | 8 ഗൗ | ളം | | | | |
| | 9 രേ | വ | തി | ര | രീ | 10 ബി | | | | |
| | | തി | | ഞ്ജി | 11 മ | ല | യ | മാ | രു | തം |
| | | | | നി | നോ | ഹ | | | | |
| | | | 12 ഹം | ■ | ഹ | രി | | | | |
| | 13 ശു | ദ്ധ | സാ | വേ | രി | | | | | |
| | | 14 കാ | ന | ഢ | | | | | | |
| | | പ്പി | ന്ദി | | | | | | | |

# വാർഷികപ്പതിപ്പ്

ബ്രഹ്മശ്രീ സെപ്റ്റംബർ ഒക്ടോബർ ലക്കം (അടുത്തതിന്റെ അടുത്ത ലക്കം) വാർഷികപ്പതിപ്പായി ഒക്ടോബർ മാസം അവസാനം പ്രസിദ്ധീകരിയ്ക്കുന്നതാണ്. അതോടനുബന്ധിച്ചു നുറുങ്ങുകഥ, മുക്തകങ്ങൾ, ഫോട്ടോഗ്രാഫി എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പ്രസക്തമായ ഒരു വിഷയത്തെക്കുറിച്ച്  സംവാദവും ഉണ്ടായിരിക്കും. വിശദവിവരങ്ങൾ അടുത്ത ലക്കത്തിൽ. വാർഷികപ്പതിപ്പിലേക്ക് കഥ, കവിത, ലേഖനങ്ങൾ  തുടങ്ങിയവയും   ക്ഷണിയ്ക്കുന്നു.

വാർഷികപ്പതിപ്പിലെ പരസ്യനിരക്കുകൾ താഴെ കൊടുക്കുന്നു:

| | | |
|---|---|---|
| 1) | Back cover multi cover | `- 25,000 |
| 2) | Front cover inside multicolour | - 10,000 |
| 3) | Back cover inside multicolour | - 10,000 |
| 4) | Inside full page multicolour | - 5,000 |
| 5) | Inside full page B&W | - 3,000 |
| 6) | Inside half page multicolour | - 2,500 |
| 7) | Inside half page B&W | - 1,500 |
| 8) | Small strips multicolour | - 800 |
| 9) | Small strips B&W | - 500 |

പരസ്യം ശേഖരിക്കുന്ന ശാഖയ്ക്കോ വ്യക്തികൾക്കോ  10%  കമ്മീഷനും നൽകുന്നതാണ്.

**പരസ്യങ്ങൾ സംഭരിക്കുന്നതിന് സമാജാംഗങ്ങളുടെ സഹകരണം സ്നേഹപൂർവ്വം പ്രതീക്ഷിക്കുന്നു.**



ദണ്ഡമത്രേ രാജ്യഭാരം വഹിപ്പത്
ദണ്ഡകവാസത്തിനേറ്റമെളുതല്ലോ!

# പദപ്രശ്നം 4

| | | | | | | |
|---|---|---|---|---|---|---|
| 1 | | 2 | 3 | | | 4 |
| | 5 | | | | 6 | |
| 7 | | | | 8 | | |
| | 9 | 10 | 11 | | | 12 |
| | 13 | | | | | |
| | 14 | | | | | |
| 15 | | | 16 | 17 | | 18 |

*മലയാള ഭാഷയുടെ ഭാഗമെന്നതുപോലെ നമ്മൾ സാധാരണ ഉപയോഗിക്കുന്ന ഇംഗ്ലീഷ് വാക്കുകളാണ് ഇത്തവണത്തെ പദപ്രശ്നത്തിന്റെ ഉത്തരങ്ങൾ. പൂരിപ്പിക്കേണ്ടത് മലയാളം അക്ഷരങ്ങൾ ഉപയോഗിച്ചു തന്നെയാണ്. എളുപ്പമാണെങ്കിലും പൂരിപ്പിയ്ക്കുമ്പോൾ അല്പം ശ്രദ്ധിക്കണം. ചന്ദ്രക്കലയുള്ള അക്ഷരങ്ങൾക്ക് ഒരു അക്ഷരത്തിന്റെ സ്ഥലം ചന്ദ്രക്കലയോടുകൂടി കൊടുക്കണം.*

*അക്ഷരങ്ങളുടെ എണ്ണം ബ്രാക്കറ്റിൽ.*

__വലത്തോട്ട്__

1. കണക്ക് കൂട്ടുന്ന യന്ത്രം (6 )
5. ശീലമാണ് (4 )
11. മദ്യശാല (3 )
13 പിന്തുണ (4 )
14. സംവരണം അല്ലെങ്കിൽ കരുതിവയ്പ് (6)
15. നൃത്ത സംഗീത നാടകം (2)
16. ഗാനസംഘം (3)
17. രക്ഷപെടുത്തൽ (3)
18. ഒരു കാര്യത്തിന് ഒരേ സമയം കൂടുതൽ ആളുകൾ എത്തിയാൽ അസൗകര്യമാണെങ്കിലും ഇതു വേണ്ടി വരും (1)

__താഴോട്ട്__

1. കലാലയ പരിസരം (3)
2. നീളം x വീതി x ഉയരം അടികണക്കിൽ (4)
3. താമസിച്ചു പോയി (3)
4. കറക്കം അല്ലെങ്കിൽ വിതരണം (6)
5. സന്തോഷമായി (2)
6. അംഗനവാടി (4)
7. സാദ്ധ്യത അല്ലെങ്കിൽ വിശാലത അല്ലെങ്കിൽ ഉദ്ദേശ്യം (3)
8. കോടതി (3)
9. വേറൊരു രാജ്യത്ത് പ്രവേശിയ്ക്കാനുള്ള അനുവാദം (2)
11. നീളമുള്ള കട്ട (2)
14. ഒരാളുടെ ഊഴം കഴിഞ്ഞ് അടുത്തയാൾ. പ്രക്ഷേപണമെന്നും അർത്ഥമുണ്ട് (2)

__ഇടത്തോയ്ക്ക്__

10. അധികസമയം ഇതിനു മുന്നിൽ ചിലവഴിയ്ക്കരുത് (2)
12. ഈ കിരണങ്ങൾ ഉപയോഗിച്ച് ലോഹം മുറിക്കാം. കണ്ണിന്റെ ഓപ്പറേഷനും ചെയ്യാം. (3)
16. ദീർഘകാല അബോധാവസ്ഥ (2)

__മുകളിലേയ്ക്ക്__

15. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന് എന്തെങ്കിലും കേടുപറ്റിയാൽ തുടർപ്രവർത്തനത്തിന് ഇതുവേണം (3)

**പദപ്രശ്നം 3 :**
**ശരിയുത്തരം അയച്ചവരുടെ പേരുകൾ**

1. **ഗിരിജ എൻ. നമ്പൂതിരി,** വടുതലായിൽ ഇല്ലം, കുടക്കച്ചിറ
2. **രാകേഷ് കേശവൻ,** രാജ് ഭവൻ (മേച്ചേരിൽ ഇല്ലം), തൃപ്പൂണിത്തുറ
3. **സി. ഡി. ഉണ്ണികൃഷ്ണൻ** (രാധാകൃഷ്ണൻ മല്ലിശ്ശേരി), മല്ലിശ്ശേരി ഇല്ലം, ഗുരുവായൂർ .
4. **ഗോപീകൃഷ്ണ എസ്.**, വല്ലാഴത്തില്ലം, വൈക്കം
5. **പി. എൻ. രമാദേവി അന്തർജ്ജനം,** തോട്ടത്തിൽ ഇല്ലം, ഏഴാച്ചേരി

നറുക്കെടുപ്പിലൂടെ സമ്മാനം നേടിയത് :
**സി.ഡി.ഉണ്ണികൃഷ്ണൻ, മല്ലിശ്ശേരി ഇല്ലം**
*സമ്മാനം തപാലിൽ എത്തിച്ചേരുന്നതാണ്.*

*ശരിയുത്തരമയച്ച എല്ലാ സംഗീതജ്ഞാനികൾക്കും ബ്രഹ്മശ്രീയുടെ അഭിനന്ദനങ്ങൾ .*
*ഇത് തയ്യാറാക്കുകയും സമ്മാനം സ്പോൺസർ ചെയ്യുകയും ചെയ്ത തിരുമേനി കൈതാരത്തിന് പത്രാധിപസമിതിയുടെ പ്രത്യേക നന്ദി.*

Name.......................................................................................................................

Address...................................................................................................................

Email.......................................................................Mob:................................................

**അയച്ചുകിട്ടേണ്ട അവസാന തീയതി ആഗസ്റ്റ് 15**

# വേളിയാലോചന

| | | | |
|---|---|---|---|
| | ല | മാ | ശി |
| | പുരുഷജാതകം | | ശു |
| മ | | | ച ര ബു ഗു |
| സ | | | കു |

HOROSCOPE

**പുരുഷജാതകം**
ജനനം: 1991 സെപ്റ്റംബർ 7 10pm
നക്ഷത്രം: മകം
Education : B.Com
ജോലി : Accountant (Pvt Firm)
ഉയരം: 167 സെ.മി.
Ph: 9961193654

| | | | |
|---|---|---|---|
| | | കു | |
| | പുരുഷ ജാതകം ഗ്രഹനില | | ഗു ശി |
| സ | | | |
| മ | ബു ശു | ര ച ല | മാ |

HOROSCOPE

**പുരുഷജാതകം**
**ജനനം: 1990 നവംബർ 16,** 4.25 am
**നക്ഷത്രം: ചോതി**
**ശിഷ്ടദശ: രാഹു 8-1-26**
Education- : M Com
Job: Client Support Associate, Sutherland Global
**ഉയരം: 166 cm**
Mob-: 9496336963

| | | | |
|---|---|---|---|
| സ | | | |
| കു ഗു ല | പുരുഷജാതകം | | |
| മാ | | | ച |
| | ര മ | ബു ശു | ശി |

HOROSCOPE

**പുരുഷജാതകം**
ജനനം: 1986 നവംബർ 26 1.05pm
നക്ഷത്രം: ഉത്രം
ശിഷ്ടദശ:രവി 4-11-14
Education :Diploma in Comp. Science
ജോലി : ദേവസ്വം മേൽശാന്തി
ഉയരം: 176 സെ.മി.
Ph: 9447181365

| | | | |
|---|---|---|---|
| ല | മാ | ശു ശി | ബു |
| മ | ഗ്രഹനില | | ര |
| | | | കു |
| | സ | | ച ഗു |

HOROSCOPE

**പുരുഷജാതകം**
ജനനം: 1993 ജൂലൈ 24 10.10pm
നക്ഷത്രം: അത്തം
ശിഷ്ടദശ:ചന്ദ്രൻ 3-4-6
Education : BA Sanskrit, Tanthra Ratham
ജോലി : Sanskrit Teacher(u.p.s.a)
ഉയരം: 159 സെ.മി.
Ph: 9447401027, 9447142832

| | | | |
|---|---|---|---|
| | | | ഗു |
| ല മാ | ഗ്രഹനില 1164 മിഥുനം (2.20pm) | | ശി |
| സ | | | ച |
| ശു മ | ബു ര | കു | |

HOROSCOPE

**പുരുഷജാതകം**
ജനനം: 1989 നവംമ്പർ 21 2.20 pm
നക്ഷത്രം: പൂരം
ശിഷ്ടദശ:
Education : M.Com
ജോലി : Accountant
ഉയരം: 160 സെ.മി.
Ph: 9605731841

| | | | |
|---|---|---|---|
| സ ഗു | | ല മാ | ച |
| | ഗ്രഹനില 1164 മിഥുനം (2.20pm) | | |
| ശു | | | |
| ര ബു മ | കു | | ശി |

HOROSCOPE

**പുരുഷജാതകം**
ജനനം: 1988 ജനുവരി 04 4.35 pm
നക്ഷത്രം: പുണർതം
ശിഷ്ടദശ:വ്യാഴം 11-1-4
Education : Degree
ജോലി : സർക്കാർ സർവ്വീസ്
ഉയരം: 172 സെ.മി.
Ph: 9995485243

| | | | |
|---|---|---|---|
| മ ശി | മാ | ല ബു | ര ശു |
| | ഗ്രഹനില 1164 മിഥുനം (2.20pm) | | |
| ഗു | | | |
| | ച | | കു സ |

HOROSCOPE

**സ്ത്രീജാതകം**
ജനനം: 1997 ജൂൺ 20 3.50 am
നക്ഷത്രം: തൃക്കേട്ട
ശിഷ്ടദശ:ബുധൻ 8-2-30
Education : BSc Physics
ഉയരം: 165 cm
Ph: 9400722673, 9446227828

| | | | |
|---|---|---|---|
| | ശി | | |
| മ | ഗ്രഹനില | | കു |
| ല | | | |
| | | ച ബു ഗു ശു സ മാ | ര |

HOROSCOPE

**സ്ത്രീജാതകം**
ജനനം: 1994 ഒക്ടോബർ 07 2.30 am
നക്ഷത്രം: വിശാഖം
ശിഷ്ടദശ:വ്യാഴം 13-4-12
Education : M.Tech
ജോലി :Wind energy Data Analyst , Bangalore
Ph: 9249126350

## ശാഖാ ഭാരവാഹികളുടെ ശ്രദ്ധക്ക്

1 ) പല ശാഖകളും തങ്ങൾ സ്വീകരിക്കുന്ന ബ്രഹ്മശ്രീ കോപ്പികളുടെ എണ്ണത്തിന് അനുസരിച്ചുള്ള വരിസംഖ്യ അടച്ചിട്ടില്ല. ദയവായി ഉടനെ തന്നെ ബാക്കി തുക കൂടെ അടയ്ക്കേണ്ടതാണ്. വാർഷിക വരിസംഖ്യയായി നമ്മൾ സ്വീകരിക്കുന്ന ഈ തുച്ഛമായ തുക പോലും ഇല്ലാതെ വരുന്നത് ബ്രഹ്മശ്രീയുടെ നിലനില്പിനെ ബാധിക്കുന്ന പ്രശ്നമാണ് എന്ന് വിനയപൂർവം അറിയിക്കട്ടെ.

2 ) ഓരോ ശാഖയുടെയും ബ്രഹ്മശ്രീ കെട്ടുകളുടെ കൂടെ രണ്ടോ മൂന്നോ കോപ്പികൾ കൂടുതലായി അയയ്ക്കാറുണ്ട്. ഇത് സൗജന്യമായി വിതരണം ചെയ്യാനുള്ളതല്ല. ഇത് കോംപ്ലിമെന്ററി കോപ്പി ആണ്. ശാഖയിലെ ഏതെങ്കിലും പരിപാടിയിൽ പങ്കെടുക്കുന്ന പുറത്തുനിന്നുള്ള വിശിഷ്ടാതിഥികൾക്ക് കൊടുക്കുകയോ നാട്ടിലെ ഏതെങ്കിലും വായനശാലയിലോ സമാജവുമായി ബന്ധപ്പെട്ട പൊതുസ്ഥലങ്ങളിലോ വായിയ്ക്കാനായി വയ്ക്കുകയോ ആവാം. പൊതുസ്ഥലങ്ങളിലെ കോപ്പികൾ സമയം കഴിഞ്ഞാൽ തിരിച്ചെടുത്ത് വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ

3 ) ബ്രഹ്മശ്രീ വിതരണം കാര്യക്ഷമമാക്കാൻ ശാഖാ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധ ചെലുത്തണം. കെട്ട് എത്തിച്ച് ഒരാഴ്ച്ചയ്ക്കകം വിതരണം പൂർത്തിയാക്കണം എന്നാണ് കേന്ദ്രം ആഗ്രഹിക്കുന്നത്. ചില ശാഖകളിൽ ഇതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട് എന്നറിയാം. വിതരണത്തിന് ചിലവുകൾ ഉണ്ടാകുന്നുണ്ടെങ്കിൽ ന്യായമായ തുക ബ്രഹ്മശ്രീ അക്കൗണ്ടിൽ നിന്നും തരാൻ തയ്യാറാണ്. ഒരു ഇരുചക്രവാഹനത്തിൽ വിതരണത്തിന് വേണ്ടി വരുന്ന തുക എന്നാണുദ്ദേശിക്കുന്നത്.രണ്ടോ മൂന്നോ മാസത്തെ ചിലവ് ഒരുമിച്ച് ആവശ്യപ്പെടുന്നതാണ് ഉത്തമം. കൃത്യമായി കൃത്യസമയത്ത് എല്ലാവരിലും ബ്രഹ്മശ്രീ എത്തിക്കുക എന്നത് നമ്മുടെ കൂട്ടുത്തരവാദിത്തം ആണ്. ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾക്ക് സർക്കുലേഷൻ ഇൻ ചാർജ് അരുൺ കീച്ചേരിലുമായി ബന്ധപ്പെടാവുന്നതാണ്.

## കേന്ദ്ര വാർത്തകൾ

26-05-2019ന് കോട്ടയത്ത് കേന്ദ്ര ഓഫീസിൽ പ്രസിഡന്റ് ശ്രീ.റ്റി.വി.നാരായണ ശർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന MBS 31 അംഗ ഭരണസമിതി എടുത്ത തീരുമാനങ്ങൾ.

1. സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 16 മുതൽ 28 വരെ കൂരോപ്പട ധർമ്മശാസ്താ ക്ഷേത്രത്തിൽ വച്ച് നടത്തിയ പൂജാപഠനക്യാമ്പ് വിജയകരമായിരുന്നു എന്ന് യോഗം വിലയിരുത്തുകയും അതിന്റെ പിന്നിൽ പ്രവർത്തിച്ച ആചാര്യന്മാർ, കോമന്നൂർ കുടുംബാംഗങ്ങൾ, കോത്തല ശാഖയിലേയും കോട്ടയം ജില്ലയിലേയും യുവജനവേദി പ്രവർത്തകർ ഉൾപ്പെടെയുള്ള അംഗങ്ങൾ എന്നിവർക്ക് യോഗം നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

2. ചില ശാഖകളിലെ സാമ്പത്തിക ക്രമക്കേടുകൾ ചില സമിതി അംഗങ്ങൾ യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ വെളിച്ചത്തിൽ മുൻ തീരുമാനപ്രകാരം ശാഖകളുടെ ഓഡിറ്റിംഗിനായി ഇനിയും ആളെ ചുമതലപ്പടുത്താത്ത ജില്ലകളിൽ ജില്ലാകമ്മറ്റി അതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും ജൂൺ 30നു മുൻപായി എല്ലാ ശാഖകളിലും ഓഡിറ്റ് പൂർത്തിയാക്കണമെന്നും യോഗം തീരുമാനിച്ചു.

3. തുടർച്ചയായി 3 കേന്ദ്ര സമിതി യോഗങ്ങളിൽ പങ്കെടുക്കാത്ത 7 അംഗങ്ങൾക്ക് നോട്ടീസ് അയച്ചതായും അതിൽ 3 അംഗങ്ങളുടെ മറുപടി ലഭിച്ചതായും ജനറൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. തൃപ്തികരമായ മറുപടി ലഭിക്കാത്ത എറണാകുളം ശാഖയിൽ നിന്നുള്ള 3 അംഗങ്ങളെ ശാഖാ, ജില്ലാ ഭാരവാഹികൾ ഉൾപ്പെടുന്ന ഒരു ചർച്ചക്കായി 12-05-2019 ന് രേഖാ മൂലം നടത്തിയ ക്ഷണവും അവർ നിരസിച്ചതായി ജനറൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. തുടർന്ന് ഈ വിഷയം ചർച്ച നടത്തിയ യോഗം 4 അംഗങ്ങളുടെ 31 അംഗ ഭരണ സമിതി അംഗത്വം MBS ബൈലോ 9. C. 4 പ്രകാരം റദ്ദു ചെയ്യുവാനും ഈ ഒഴിവുകൾ നികത്തുവാൻ കേന്ദ്രകൗൺസിലിനോട് ആവശ്യപ്പെടുവാനും തീരുമാനിച്ചു.

4. ബൈലോ ഭേദഗതി സംബന്ധിച്ച് ഉപസമിതി സമർപ്പിച്ച കരട് യോഗത്തിൽ അവതരിക്കപ്പെട്ടു. ശാഖാ, ജില്ലാ തല ചർച്ചകൾക്കു ശേഷം അടുത്ത കേന്ദ്ര കൗൺസിലിൽത്തന്നെ ഇത് പാസ്സാക്കി എടുക്കുവാൻ യോഗം തീരുമാനിച്ചു.

5. കേന്ദ്ര ഭാരവാഹികൾ, ഭരണ സമിതിഅംഗങ്ങൾ എന്നിവർക്ക് യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ കെ.ബി.ശർമ്മ സമർപ്പിച്ച നിർദ്ദേശങ്ങൾ യോഗം അംഗീകരിച്ചു.

6. സമാജത്തിന്റെ വ്യത്യസ്ത തലങ്ങളിൽ (കേന്ദ്ര, ജില്ല, ശാഖ) ലെറ്റർ ഹെഡ്, സീൽ, രജിസ്ററർ മുതലായവയിൽ ഐക്യരൂപ്യം കൊണ്ടു വരുവാൻ യോഗം തീരുമാനമെടുത്തു.

## കോട്ടയം ജില്ല

മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ലയുടെ കൗൺസിൽ യോഗം 05-05-2019 ന് സമാജം ഹെഡ് ഓഫീസിൽ വച്ചു ജില്ല പ്രസിഡന്റ് ബാബുകുമാറിന്റെ അധ്യക്ഷതയിൽ നടന്നു. കേന്ദ്ര പ്രസിഡന്റ് , ജനറൽ സെക്രട്ടറി എന്നിവർ കേന്ദ്ര നിരീക്ഷകരായി പങ്കെടുത്തു. മുന്നിൽ രണ്ട് ജില്ല കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. കോട്ടയം ജില്ല സമ്മേളനം പ്രൗഢ ഗംഭീരമായ രീതിയിൽ 12-05-2019 ന് കോട്ടയം തിരുനക്കര ബ്രാഹ്മണ സമൂഹമഠം ഹാളിൽ നടന്നു. രാവിലെ 9 ന് കേന്ദ്ര പ്രസിഡന്റ് ടി വി നാരായണ ശർമ്മ പതാക ഉയർത്തിയതോടെ ആരംഭിച്ച ജില്ലാ സമ്മേളനം കുട്ടികളുടെ കലാമത്സരങ്ങൾ കൊണ്ട് സജീവമായി. ഏകദേശം 750ന് മുകളിൽ ആളുകൾ ജില്ല സമ്മേളനത്തിന്റെ ഭാഗമായി. ഉച്ചഭക്ഷണത്തിന് ശേഷം നടന്ന പൊതു സമ്മേളനം ജില്ല പ്രസിഡന്റ് ടി. എൻ. ബാബു കുമാർ അധ്യക്ഷത വഹിക്കുകയും കോട്ടയം MLA ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകൾ ഉത്ഘാടനം ചെയ്യുകയുമുണ്ടായി. പാലാ സെന്റ് തോമസ് കോളേജ് റിട്ട. സംസ്കൃത വിഭാഗം മേധാവി ഡോ. സി.ടി.ഫ്രാൻസിസ് നടത്തിയ മുഖ്യ പ്രഭാഷണം അത്യന്തം ആസ്വാദ്യകരവും വിജ്ഞാനപ്രദവുമായി. കോട്ടയം ജില്ല സെക്രട്ടറി അരുൺ കീച്ചേരിൽ, കേന്ദ്ര പ്രസിഡന്റ് ടി.വി.നാരായണ ശർമ്മ, കേന്ദ്ര ജനറൽ സെക്രട്ടറി ദേവൻ ഇളയത്, കേന്ദ്ര ട്രഷറർ കെ. എസ്. ഡി. ഇളയത്, വൈസ് പ്രസിഡന്റ് കെ. ബാലചന്ദ്രശർമ്മ, ജോയിന്റ് സെക്രട്ടറിമാരായ വി.എൻ.ദിവാകരൻ, മോഹൻകുമാർ ബ്രഹ്മശ്രീ ചീഫ് എഡിറ്റർ ഹരികുമാർ എന്നിവർ പ്രസംഗിച്ചു

വൈക്കം കുറുവേലി ഇല്ലത്ത് ബ്രഹ്മശ്രീ AKN ഇളയതിന്റെ കലികാലം എന്ന കഥാസമാഹാരം ജില്ലാ സമ്മേളനത്തിൽ വച്ച് പ്രകാശനം ചെയ്തു. കൂടാതെ വ്യക്തിജീവിതത്തിൽ കഴിഞ്ഞ വർഷം മികച്ച വിജയങ്ങൾ കൈവരിച്ച സമാജാംഗങ്ങളെ ജില്ല സമ്മേളനത്തിൽ ആദരിച്ചു. ജില്ല വൈസ് പ്രസിഡന്റ് അമ്പിളി പി താമരശ്ശേരിയുടെ കൃതജ്ഞതയോടെ കോട്ടയം ജില്ലയുടെ സമാജ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതിചേർത്ത ജില്ലാസമ്മേളനം 2019 ന് തിരശീല വീണു. ഈ സമ്മേളനം വൻ വിജയമാക്കിയ എല്ലാവരോടും ജില്ല സമിതിയുടെ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

### എറണാകുളംശാഖ

മലയാള ബ്രാഹ്മണ സമാജം എറണാകുളം ശാഖയുടെ വാർഷികം ഒരു കുടുംബ സംഗമമായി 2019മെയ് 26 ഞായറാഴ്ച 4.30 pm തൃപ്പൂണിത്തുറ ഏരൂർ സരോവരം ഓഡിറ്റോറിയത്തിൽ വെച്ച് വിവിധ പരിപാടികളോടെ ആഘോഷിച്ചു. നൂറ്റി അൻപതില്പരം മുതിർന്നവരും കൂടെ കുട്ടികളും പങ്കെടുത്ത യോഗം , കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള മലയാള ബ്രാഹ്മണ സമാജം ശാഖകളിൽ പ്രവർത്തന മികവ് കൊണ്ട് എന്നും മുൻപന്തിയിൽ നിൽക്കുന്ന ശാഖ എന്ന പേര് അന്വർത്ഥ മാക്കുന്ന വിധം ഗംഭീരമായിരുന്നു .ശ്രീകാന്ത്ശർമയുടെ ഈശ്വര പ്രാർഥനക്കും ആചാര്യവന്ദനത്തിനും ശേഷം യോഗം ആരംഭിച്ചു. ശാഖ സെക്രട്ടറി വിനോദ് കല്ലാരവേലിൽ പ്രമുഖ വ്യക്തികളെയും അംഗങ്ങളെയും സ്വാഗതം ചെയ്തു. ശാഖ പ്രസിഡന്റ് ശ്രീ കങ്ങഴ വാസുദേവൻ നമ്പൂതിരിയുടെ അധ്യക്ഷ പ്രസംഗമായിരുന്നു പിന്നീട്. കേന്ദ്ര പ്രസിഡന്റ് മാലത്തു താമരശേരിൽ ഇല്ലത്തു ശ്രീ നാരായണശർമ്മ നിലവിളക്കു കൊളുത്തി യോഗം ഉത്ഘാടനം ചെയ്തു. ഇത്രയധികം അംഗങ്ങളുടെ പ്രാ

തിനിധ്യം ഒരു അപൂർവ്വ തയാണെന്നും ഇത് ശാഖയുടെ പ്രവർത്തന മികവിന് ഉദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു. ശാഖ സെക്രട്ടറി വിനോദ് കല്ലാരവേലിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക്, ജില്ലയിലേക്ക് ഏറ്റവും കൂടുതൽ ഫണ്ട് എത്തിക്കാൻ സാധിച്ചതും, ശാഖ അംഗമായ കുടുംബ നാഥന്റെ അകാല നിര്യാണം മൂലം ആശ്രയം നഷ്ടപ്പെട്ട കുടുംബത്തിന് അര ലക്ഷം രൂപ ഉദാര മനസ്കരായ ശാഖ അംഗങ്ങളിൽ നിന്ന് ശേഖരിച്ചു നൽകിയതും റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ശാഖ ഖജാൻജി ശ്രീ അരുൺ പ്രയാറ്റ് വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. ശാഖ അംഗങ്ങളിൽ വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വിശിഷ്ട വ്യക്തികളെ ആദരിക്കൽ ചടങ്ങായിരുന്നു പിന്നീട് . ഏറ്റവും കൂടുതൽ കാലം കേന്ദ്ര പ്രസിഡന്റ് പദവി വഹിച്ച അഡ്വ.അനിൽകുമാർ, കേന്ദ്രത്തിലെ എല്ലാ സ്ഥാനങ്ങളും അലങ്കരിച്ച സമാജത്തിലെ ഏക വ്യക്തി ശ്രീ സി.ആർ.നാരായണൻ, കാഞ്ചികാമകോടി ആസ്ഥാനവിദ്വാനും ആകാശവാണി ബി ഹൈ ഗ്രേഡ് ആർട്ടിസ്റ്റുമായ ശ്രീകങ്ങഴ വാസുദേവൻ നമ്പൂതിരി ,വ്യവസായരംഗത്ത് നാലു പതിറ്റാണ്ടു പ്രവർത്തിച്ച കല്ലാത് മഠം ശ്രീ കെ ആർ മധുസൂദനൻ ,സപ്താഹരംഗത്തെ ആചാര്യയും ബ്രഹ്മശ്രീയുടെ മുൻ ചീഫ് എഡിറ്ററുമായിരുന്ന ശ്രീമതി കെ എൻ രുഗ്മിണി ടീച്ചർ, വീണ വിദുഷിയും തൃപ്പൂണിത്തുറ ആർ എൽ.വി.സംഗീത കോളേജിലെ സീനിയർ പ്രൊഫസ്സറുമായ ശ്രീമതി ദേവി വാസുദേവൻ, ഇല്ലം കലാകേന്ദ്രം എന്ന സ്ഥാപനത്തിലൂടെ കലാരംഗത്തും സുകൃതം, യജ്ഞവേദിയിലൂടെ ആധ്യാത്മികരംഗത്തും പ്രവർത്തിക്കുന്ന ശ്രീ സുനിൽ ഇല്ലം, അതോടൊപ്പം കേന്ദ്ര പ്രസിഡന്റ് പദവി ഏറ്റെടുത്തശേഷം ആദ്യമായി ശാഖയിലെത്തുന്ന ബഹുമാന്യ കേന്ദ്രപ്രസിഡന്റ് ശ്രീ ടി.വി.നാരായണശർമ എന്നിവരെ ആദരിക്കുകയുണ്ടായി. അതിനു ശേഷം ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. തുടർന്ന് എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീ വി.എൻ.ടി.നമ്പൂതിരി, ജില്ലാ സെക്രട്ടറി ശ്രീ എം.എൻ.രവികുമാർ, മുൻ കേന്ദ്രഭാരവാഹികളായ അഡ്വ.അനിൽകുമാർ, ശ്രീ സി.ആർ.നാരായണൻ ശ്രീമതി രുഗ്മിണി ടീച്ചർ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. യോഗത്തിൽ എത്തിയവർക്ക് ശ്രീ സുനിൽ ഇല്ലം നന്ദി അറിയിച്ചു. ശ്രീ കങ്ങഴ വാസുദേവനും ശ്രീമതി ദേവി വാസുദേവനും ചേർന്നവതരിപ്പിച്ച വീണകച്ചേരി, ശ്രീമതി മാളവിക അഖിൽ അവതരിപ്പിച്ച മോഹിനിയാട്ടം, അന്തർജ്ജന കൂട്ടായ്മയായ നീലാംബരിയുടെ തിരുവാതിരകളി ശ്രീ തൃപ്പൂണിത്തുറ രഞ്ജിത്ത് അവതരിപ്പിച്ച പൂതനാമോക്ഷം കഥകളി, ശാഖ അംഗങ്ങൾ അവതരിപ്പിച്ച ഗാനസന്ധ്യ എന്നിവയുമുണ്ടായിരുന്നു.

## ഗുരുവായൂർ ശാഖ

19/05/2019 : മെയ്മാസത്തെ മാസാന്ത്യ ശാഖായോഗം വേലൂർ പെട്ടരഴിയം ഇല്ലത്ത് വെച്ച് നടന്നു. ഗൃഹനാഥ ശ്രീദേവി മധു സ്വാഗതം പറഞ്ഞു. വൈസ് പ്രസിഡണ്ട് ഗീത എസ്. ഇളയത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്രജനറൽ സെക്രട്ടറി ദേവൻ ഇളയത് സന്നിഹിതനായിരുന്നു. ശാഖാ സെക്രട്ടറി പി.ഡി.പരമേശ്വരൻ അജണ്ട വിശദീകരണം നടത്തി. കേന്ദ്രജനറൽ സെക്രട്ടറി കേന്ദ്രത്തിലെ നയരൂപീകരണവും പുതിയ തീരുമാനങ്ങളും സംബന്ധിച്ച് വിശദീകരിച്ചു. ശാഖാ ട്രഷറർ ശ്രീ.സി.പി.സുബ്രഹ്മണ്യൻ അതുവരെയുള്ള കണക്കുകൾ അവതരിപ്പിച്ചു. കൊണഞ്ചേരി മുരളീധരൻ നന്ദി പ്രകാശിപ്പിച്ചു. **16/06/2019:** ജൂൺ മാസത്തെ മാസാന്ത്യ ശാഖായോഗം ഏങ്ങണ്ടിയൂർ കൊണഞ്ചേരി ഇല്ലത്ത് മുരളീധരൻ ഇളയതിന്റെ വസതിയിൽ നടന്നു. ഗൃഹനാഥൻ ശ്രീ.മുരളീധരൻ ഇളയത് സദസ്സിന് സ്വാഗതം പറഞ്ഞു. ശാഖാ പ്രസിഡണ്ട് ശ്രീ.പുതുമന നാരായണൻ ഇളയത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മലയാള ബ്രാഹ്മണസമാജം ബഹു.സംസ്ഥാന ജനറൽ സെക്രട്ടറി ദേവൻ ഇളയതും തൃശ്ശൂർ ജില്ലാ സെക്രട്ടറി സുരേഷ്കുമാറും സന്നിഹിതരായിരുന്നു. ശാഖാ സെക്രട്ടറി പി.ഡി.പരമേശ്വരൻ അജണ്ട വിശദീകരിച്ചു. ജില്ലാതലപരിപാടികളുടെ റിപ്പോർട്ടിംഗ് ജില്ലാ സെക്രട്ടറിയും സംസ്ഥാനതലപരിപാടികളെ കുറിച്ച് സംസ്ഥാന സെക്രട്ടറിയും വിശദീകരിച്ചു. രാമായണ മാസാചരണ പരിപാടികൾ പൂർവ്വാധികം ഭംഗിയായി നടത്തുന്നതിന് തീരുമാനിച്ചു.

അക്ഷരശ്ലോക മത്സരത്തിൽ വിജയം കൈവരിച്ച ശ്രീമതി സതി കുന്നേക്കാട്ടിനെ അഭിനന്ദിച്ചു. മല്ലിശ്ശേരി രാധാകൃഷ്ണൻ യോഗത്തിൽ നന്ദി പ്രകാശിപ്പിച്ചു.

## കൊരട്ടി ശാഖ

മലയാള ബ്രാഹ്മണ സമാജം കൊരട്ടി ശാഖയുടെ യോഗം 05-05-19 ഞായറാഴ്ച്ച ഉച്ചയ്ക്ക് 3 മണിക്ക് അഷ്ടമിച്ചിറ മംഗലത്ത് ശ്രീ.പരമേശ്വരൻ ഇളയതിന്റെ ഇല്ലത്തുവച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഗൃഹനാഥൻ പരമേശ്വരൻ ഇളയത് എല്ലാവർക്കും സ്വാഗതം പറഞ്ഞു. തുടർ നടപടികൾക്കു ശേഷം ഒരു വൃക്ഷത്തെ നട്ടു ഉദ്ഘാടനം ചെയ്തു. ശാഖയുടെ 100-ാമത്തെ യോഗമായതുകൊണ്ട് എല്ലാവർക്കും മധുര പലഹാരം വിതരണം ചെയ്തു. ചോറൂണ്, ഉപനയനം, വേളി തുടങ്ങിയ മംഗളകർമ്മങ്ങൾ നടത്തുമ്പോൾ ഒരു തുക സംഭാവനയായി ശാഖയിലേക്ക് നൽകണമെന്ന് തീരുമാനമെടുത്തു.

ജൂൺ മാസത്തെ യോഗം 09-06-2019 ഞായറാഴ്ച ഉച്ചയ്ക്ക് 3.00 മണിക്ക് അന്നമനട നെന്മേനി ശ്രീ എൻ.വി.നാരായണൻ ഇളയതിന്റെ ഇല്ലത്ത് വച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു. വിഷ്ണു നെന്മേനി എല്ലാവർക്കും സ്വാഗതം പറഞ്ഞു. തുടർ നടപടികൾക്കു ശേഷം ഒരു വൃക്ഷതൈ നട്ട് യോഗം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലാ ട്രഷറർ ചെമ്പുക്കാട്ടില്ലത്ത് ശ്രീമതി. ദേവകി അന്തർജ്ജനമായിരുന്നു വിശിഷ്ടാതിഥിയായി എത്തിയിരുന്നത്. ശാഖയിലെ ഏതെങ്കിലും ഇല്ലത്ത് മരണം സംഭവിച്ചാൽ സംസ്കാരത്തിന്റെ ചിലവ് ശാഖ വഹിക്കാമെന്ന് തീരുമാനിക്കുകയും അതിനുള്ള ഫണ്ട് രൂപീകരണവും തുടങ്ങുകയും ചെയ്തു. കൃതജ്ഞതയ്ക്കു ശേഷം 6 മണിയോടെ യോഗം പര്യവസാനിച്ചു.

## മണിമല ശാഖ

മലയാള ബ്രാഹ്മണ സമാജം മണിമല ശാഖയുടെ ജൂൺ മാസ പൊതുയോഗം 2019 ജൂൺ 2–ാം തീയതി പത്തനംതിട്ട, കൊറ്റനാട്, കാടമറുക് ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ വസതിയിൽ വെച്ച് നടന്നു. കൃത്യം 2 മണിക്കു തന്നെ യോഗം ആരംഭിച്ചു. ഗൃഹനാഥൻ സ്വാഗതം ആശംസിച്ചു. 2019 ഏപ്രിൽ 26 ന് അന്തരിച്ച ചെറുവള്ളി ഊരകത്തില്ലത്ത് മിനി അന്തർജ്ജനത്തിന്റെ നിത്യശാന്തിക്കായി മൗനപ്രാർത്ഥന നടത്തി. തുടർന്ന് ശാഖാ പ്രസിഡന്റ് അദ്ധ്യക്ഷ പ്രസംഗം നടത്തി. ജില്ലാ പ്രതിനിധിയായി പങ്കെടുത്ത ജില്ലാ പ്രസിഡൻറ് ബ്രഹ്മശ്രീ ടി.എൻ . ബാബുകുമാർ വിവിധ വിഷയങ്ങളിൽ സമാജത്തിന്റെ നിലപാടുകൾ ശാഖാ യോഗത്തിൽ അറിയിക്കുകയുണ്ടായി. 31 അംഗ എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായ ശ്രീ എ.കെ. വാസുദേവൻ ഇളയത് സംസാരിച്ചു. ഗൃഹസന്ദർശനം നടത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. എന്നാൽ ഗൃഹ സന്ദർശനത്തോടൊപ്പം, അംഗങ്ങളെ ശാഖായോഗങ്ങളിൽ പങ്കെടുപ്പിക്കാനുള്ള മാർഗ്ഗങ്ങളും കണ്ടെത്തണമെന്ന് ജില്ലാ പ്രസിഡന്റ് നിർദ്ദേശിച്ചു. ബന്ധുവീടുകളിൽ പോകുന്നതിനു കാണിക്കുന്ന ആത്മാർത്ഥതയും ആവശ്യകതയും സമാജ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും എല്ലാ അംഗങ്ങളും കാണിക്കണമെന്ന് മുൻ കേന്ദ്ര ട്രഷറർ കൂടിയായ ശാഖാംഗം ശ്രീ എം.ഡി മോഹൻദാസ് പറഞ്ഞു .ശാഖാ വൈസ് പ്രസിഡന്റ് നന്ദി രേഖപ്പെടുത്തി.



**വൈഷ്ണവി**

ആണ്ടൂർ ഏറത്തുരുത്തി ഇല്ലത്തു ഹരികുമാറിന്റെയും വിദ്യയുടെ യും മകൾ ഫിസിക്സ് ഡിഗ്രി പരീക്ഷയിൽ A+ നേടി.



**ദേവിക**

ചമ്പക്കര പാലൂരില്ലം ശ്രീനിവാസന്റെയും രമാദേവിയുടെയും മകൾ BSc. Computer Science - A Grade നേടി

## തിരുവനന്തപുരം

12.5.2019 പരുത്തിപ്പാറ ശ്രീ ഗോപാലകൃഷ്ണശർമ്മയുടെ വസതിയിൽ വച്ച് നടന്ന കുടുംബയോഗം. ജില്ലാ പ്രസിഡന്റ് ശ്രീ ഗോപാലകൃഷ്ണശർമ്മയുടെ അധ്യക്ഷതയിൽ 4 മണിക്ക് യോഗം ആരംഭിച്ചു. ശ്രീമതി ശ്രീകല വേണുഗോപാൽ പ്രാർത്ഥനാഗാനം ആലപിച്ചു. പ്ലസ് ടുവിന് ഉന്നതവിജയം നേടിയ വീണയെ അനുമോദിച്ചു. കോട്ടയത്ത് പൂജാപഠനക്ലാസ്സിൽ ഏപ്രിൽ 26 ന് പോയ കാര്യം ശ്രീമതി മായ വിശദീകരിച്ചു. യോഗത്തിന്റെ ഭാഗമായി ശങ്കരാചാര്യ അനുസ്മരണവും ലഘുചർച്ചയും നടത്തി. ചർച്ചയിൽ ശ്രീ സന്തോഷ്, ശ്രീമതി സാവിത്രി അന്തർജ്ജനം, ശ്രീ ഗോവിന്ദൻ ഇളയത്, സനൽകുമാർ എന്നിവർ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗുകൾക്കുള്ള സ്ഥിരം വേദി തന്റെ വസതിയിൽ ആവാമെന്ന് ശ്രീ ഗോപാലകൃഷ്ണശർമ്മ അഭിപ്രായപ്പെട്ടു.

## പറവൂർ ശാഖാ

പറവൂർ ശാഖയുടെ 2019ലെ വാർഷിക ആഘോഷങ്ങൾ 23-06-2019 ഞായറാഴ്ച പറവൂർ ടൌൺ മോഡൽ സ്കൂളിൽ വെച്ച് വിപുലമായ പരിപാടികളോടെ നടന്നു.രാവിലെ 9മണിക്ക് ആരംഭിച്ച കലാകായിക മത്സരങ്ങൾ മലയാള ബ്രാഹ്മണ സമാജം കേന്ദ്ര പ്രസിഡന്റ് T.V നാരായണ ശർമ ഉദ്ഘാടനം ചെയ്തു.തുടർന്ന് നടന്ന പൊതുസമ്മേളനം കേന്ദ്ര ജനറൽ സെക്രട്ടറി ദേവൻ ഇളയത് ഉദ്ഘാടനം ചെയ്തു. കേന്ദ്ര ട്രെഷറർ ശ്രീ K.S.D ഇളയത്, ജില്ലാ പ്രസിഡന്റ് ശ്രീ V.N.Tനമ്പൂതിരി,ജില്ലാ സെക്രട്ടറി ശ്രീ രവികുമാർ, Dr.ചന്ദ്രശേഖരൻ ഇളയത്,യുവജനവേദി കൺവീനർ ശ്രീ P.S ശ്രീജിത്ത്, വനിതാ വേദി കൺവീനർ ശ്രീജ രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. ശാഖ ആരംഭിക്കുന്ന ഗീതാ ക്ലാസ്സിന്റെ ഔപചാരികമായ ഉദ്ഘാടനം തന്ത്രി മനപ്പാട് ഇല്ലത്തു ശ്രീ ജയരാജ് ഇളയത് നിർവഹിച്ചു. ജോ.സെക്രട്ടറി ശ്രീ ഹരീഷ്കുമാർ നന്ദി പറഞ്ഞു.



**വിഷ്ണു. ബി. ശർമ**

ഉയർന്ന മാർക്കോടെ MSc Chemistry പാസ്സായി. പാലാ കാരിക്കോട്ടില്ലത്തു ബിജുകുമാർ ശർമയുടെയും രജനിയുടെയും മകൻ



**ആതിര**

ഉയർന്ന മാർക്കോടെ BSc Chemistry പാസ്സായി. ഏങ്ങയൂർ കൊണ്ടഞ്ചേരി ഇല്ലത്ത് മുരളീധരൻ ഇളയതിന്റെ മകൾ



**നീരജ പ്രവീൺ**

എം.ജി.സർവ്വകലാശാല ബി.എ. കോർപ്പറേറ്റ് എക്കണോമിക്സിൽ രണ്ടാം റാങ്ക്. കുറിച്ചിത്താനം പാണാട്ടില്ലം പ്രവീണിന്റെയും സന്ധ്യയുടെയും മകൾ

## അഭിനന്ദനങ്ങൾ

**പരീക്ഷകളിൽ ഉന്നത വിജയം നേടിയ എല്ലാ കുട്ടികൾക്കും സമാജം കേന്ദ്രസമിതിയുടേയും ബ്രഹ്മശ്രീ പത്രാധിപ സമിതിയുടെയും പ്രത്യേക അഭിനന്ദനങ്ങൾ. ഈ വിജയം നിങ്ങൾക്കെല്ലാവർക്കും കൂടുതൽ വിനയവും ആത്മവിശ്വാസവും നൽകട്ടെ !!**



കർമ്മങ്ങളെല്ലാം വിധിച്ചവണ്ണം പര
ബ്രഹ്മണി നിത്യേ സമർപ്പിച്ചു ചെയ്യണം

# തുടരുക, ഇനിയുമീ വിജയഗാഥ....

## SSLC പരീക്ഷയിൽ ഉന്നതവിജയം നേടിയവർ



**അനന്തജിത്ത്**
പാണാട്ടില്ലത്ത് രാജീവിന്റെയും
ശ്രീകലയുടെയും മകൻ



**ആര്യാശർമ്മ**
തിരുവനന്തപുരം ശാഖ, പ്രവീൺ
കുമാറിന്റെയും ശാന്തിയുടെയും മകൾ



**അഞ്ജന**
പാലാ വെങ്ങല്ലൂരില്ലംഉണ്ണികൃഷ്ണന്റെയും
ഭാഗ്യലക്ഷ്മിയുടെയും പുത്രി



**ശ്രീദേവി**
കല്ലംപള്ളി ഇല്ലം, പാലാ
അന്തീനാട്



**ശിവഗംഗ**
പാലാ കടമ്പനാട്ട് പ്രവീണിന്റെയും
മഞ്ജുവിന്റെയും പുത്രി



**ആദർശ്**
കുറവിലങ്ങാട് അമ്മടത്തില്ലം
പ്രദീപിന്റെയും കവിതയുടെയും മകൻ




**ഹരിഗോവിന്ദ്**
കല്ലൂർ പുതുമന ശ്രീവത്സന്റെയും
ശ്രീകുമാരിയുടേയും മകൻ



**വൈഷ്ണവ് എസ്**
കോറപ്പള്ളിൽ ഇല്ലം
മണിമല ശാഖ.



**കൃഷ്ണ യു.**
കുറിച്ചി മാടവന ഇല്ലം
ഉണ്ണിക്കൃഷ്ണന്റെയും വൃന്ദയുടേയും മകൾ



**കൃഷ്ണ വി.എം.**
കൊരട്ടി, വെളുത്തമേശ്ശേരി ഇല്ലം
മുരളീധരന്റെയും രമാദേവിയുടെയും മകൻ



**അഭിലാഷ്**
ചുണ്ടൽ കുഴിക്കാട്ടില്ലത്ത് മുരളീധരന്റെയും
സാവിത്രിയുടെയും മകൻ



**അദ്വൈത്**
അടാട്ട് കാരിക്കോട്ടില്ലത്ത്
നാരായണൻ നമ്പൂതിരിയുടെ മകൻ



**സിദ്ധാർഥ്**
കൊടുങ്ങൂർ, കാട്ടുകുന്നേൽ
ബിനുലാലിന്റെയും ശ്രീരമ്യയുടെയും മകൻ



**അച്യുത് ശർമ്മ**
തകഴി കുടയ്ക്കാട്ടില്ലം
ഹരികൃഷ്ണന്റെയും ശ്രീവിദ്യയുടെയും മകൻ



**മൈഥിലി ഹരി**
ആണ്ടൂർ ഏറത്തുരുത്തി
ഹരികുമാറിന്റെയും വിദ്യയുടെയും മകൾ



**ആദികേശവ്**
വൈക്കം ചാവടിഇല്ലം രാജേഷിന്റെയും
ഉമാലക്ഷ്മിയുടെയും മകൻ



**ശ്രീലക്ഷ്മി എം. ആർ**
ചങ്ങനാശേരി മംഗലപ്പള്ളിൽ റജികുമാറിന്റെയും
ശ്രീവിദ്യയുടെയും മകൾ



**ആദിത്യൻ**
ആണ്ടൂർ തുരുത്തിയില്ലം
ദിനേശിന്റെയും വിജയയുടെയും പുത്രൻ



**അഭിഷേക്**
കൊരട്ടി മുല്ലപ്പള്ളി ഇല്ലം
കൃഷ്ണന്റെയും ശോഭയുടെയും മകൻ



**വൃന്ദ**
അന്നമനട നെന്മേനി
നാരായണന്റെയും
ശ്രീകലയുടെയും മകൾ

# ‘+2’ പരീക്ഷയിൽ ഉന്നതവിജയം നേടിയവർ



**ദേവിക**
അമ്പലപ്പുഴ വേമ്പനാട്ട് ഉണ്ണിക്കൃഷ്ണന്റെയും
സുമയുടെയും മകൾ



**ഗോപിക**
അമ്പലപ്പുഴ വേമ്പനാട്ട് ശ്രീധരന്റെയും
രേഖയുടെയും മകൾ



**ശ്രുതി**
തകഴി കുടയ്ക്കാട്ടില്ലം സുരേഷിന്റെയും
സുദർശനയുടെയും മകൾ



**ശ്രുതി**
മറ്റക്കര വെങ്ങല്ലൂർ സോമശർമ്മയുടെയും
ശ്രീകലയുടെയും മകൾ.



**ആര്യ**
വൈക്കം വല്ലാഴത്തില്ലം
ജയകൃഷ്ണന്റെ മകൾ



**അനുപമ**
വൈക്കം വല്ലാഴത്ത് ഹരികൃഷ്ണന്റെയും
അഞ്ജലിയുടെയും മകൾ



**ഗോപിക**
തൃശ്ശൂർ പുതുമന നാരായണന്റെയും
സുമംഗലയുടെയും മകൾ



**അർജ്ജുൻ**
കുറിച്ചിത്താനം പാണാട്ട് പ്രവീണിന്റെയും
സന്ധ്യയുടെയും മകൻ



**ശ്രീരഞ്ജിനി**
മണിമല കാവുങ്കൽ രാജേന്ദ്രന്റെയും
ഗംഗയുടെയും പുത്രി



**വീണ**
തിരുവനന്തപുരം ശാഖ നാരായണന്റെയും
മായയുടെയും മകൾ
(മാങ്ങോട്ടശേരി മന)



**ദേവദത്തൻ**
ആണ്ടൂർ തുരുത്തിയില്ലം
ദിനേശിന്റെയും വിജയയുടെയും പുത്രൻ



**അശ്വിനി**
ചേർത്തല വാലയിൽ മധുസൂദനന്റെയും
ഉഷയുടെയും പുത്രി



## 50-ാം വിവാഹവാർഷികം

## വി. നാരായണൻ ഇളയത് & പാർവ്വതി അന്തർജ്ജനം

കോത്തല ശാഖാ ചമ്പക്കര നാരായണമംഗലത്തില്ലത്ത് (പൂങ്കാവിൽ) വി. നാരായണൻ ഇളയതിന്റേയും പാർവ്വതി അന്തർജ്ജനത്തിന്റേയും 50-ാം വിവാഹവാർഷികം 19-05-2019 ൽ ആഘോഷിച്ചു. ആശംസകളോടെ മക്കൾ - വിദ്യ, രമ്യ, വിശാഖ് - മരുമക്കൾ സന്തോഷ്, ഗോപി, പ്രിയ - കൊച്ചുമക്കൾ ദേവൂട്ടൻ, അപ്പൂസ്, ശ്രീഹരി, ശങ്കരൻ, ആമി



## വേളി

## രാഹുൽ & ശ്രുതി

തൃശ്ശൂർ കുന്നത്തങ്ങാടി തിരുത്തി ഇല്ലത്ത് മുരളീധരൻ ഇളയതിന്റെയും ശ്രീരേഖയുടേയും മകൻ രാഹുലും അങ്കമാലി വാപ്പാലശ്ശേരി മഴുവഞ്ചേരി ഇല്ലത്ത് കേശവൻ ഇളയതിന്റെയും യശഃശരീരയായ ശോഭയുടേയും മകൾ ശ്രുതിയും 2019 മെയ് 11ന് വധൂഗൃഹത്തിൽ വച്ച് വിവാഹിതരായി



## 25-ാം വിവാഹവാർഷികം

## ബ്രഹ്മശ്രീ. പരമേശ്വരൻ ഇളയത് ബിന്ദു പരമേശ്വരൻ

2019 ജൂൺ 29ന് ഇരുപത്തഞ്ചാം വിവാഹ വാർഷികം ആഘോഷിച്ച കൂത്താട്ടുകുളം ശാഖാ മൂവാറ്റുപുഴ നടുവിൽപ്പാറ ഇല്ലത്ത് ബ്രഹ്മശ്രീ.പരമേശ്വരൻ ഇളയതും സഹധർമ്മിണി ബിന്ദു പരമേശ്വരനും

BRAHMASREE BIMONTHLY REG NO. M2-20225/2003




Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)